# ദൈവരാജ്യം: ഒരു ശിഷ്യത്വ പഠന വർക്ക്ബുക്ക്

വാല്യം 1



*ദൈവരാജ്യ ശിഷ്യത്വ പഠനം* കർത്താവിന്റെ മഹത്വത്തെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതിനും അവന്റെ മഹത്തായ സ്നേഹം അറിയുന്നതിനും അനുഭവിക്കുന്നതിനും, അവന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തിയിൽ ജീവിക്കുന്നതിനും അവന്റെ പൂർണ്ണതയിൽ നിറയുന്നതിനും ഉള്ള യാത്രയാണ്. തൽഫലമായി, ദൈവത്തെയും അവന്റെ രാജ്യത്തെ കുറിച്ചും അറിയാനും അനുഭവിക്കാനും മറ്റുള്ളവരെ പ്രാപ്തരാക്കാനും കഴിയുന്നു.

2016 പകർപ്പവകാശവും റോയൽറ്റി രഹിതവും. കൂടുതൽ സൗജന്യ വിവരങ്ങൾക്ക് www.jesuslovestheworld.info സന്ദർശിക്കുക അല്ലെങ്കിൽ info@jesuslovestheworld.info എന്നതിലേക്ക് ഇമെയിൽ അയക്കുക

നാം യേശുവിൽ ജീവിക്കേണ്ടത് എങ്ങനെ എന്ന് അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ അവനിൽ വെളിപ്പെട്ട ദൈവസ്നേഹം പൂർണ്ണമാകുന്നു. യേശു സ്നേഹിക്കുന്നു: ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കാനും പഠിപ്പിക്കാനും പരിശീലിപ്പിക്കാനും ലോകം നിലനിൽക്കുന്നു, അതിനാൽ സന്നദ്ധരായ എല്ലാവരും അവന്റെ സത്യത്തിൽ ഉറച്ചു നിൽക്കുകയും അവന്റെ സ്നേഹത്തിൽ വേരൂന്നുകയും അവന്റെ പൂർണ്ണതയിൽ നിറയുകയും ചെയ്യുന്നു.

# ഉള്ളടക്കം


മുഖവുര ........ 2

1: അദൃശ്യമായത് കാണുന്നു ........ 3

2: അവനെ അറിയുവാൻ ........ 4

3: സ്വയം വ്യക്തിപരമാക്കുന്നു ........ 7

4: ഇപ്പോഴാണ് സമയം ........ 10

5: ദൈവം ഇത്ര അധികം സ്നേഹിക്കുന്നു ........ 13

6: പിതാവിന്റെ സ്നേഹം ........ 15

7: പുത്രന്റെ സ്നേഹം ........ 18

8: പരിശുദ്ധാത്മാവിന്റെ സ്നേഹം ........ 20

9: എന്നെ ഉള്ളതുപോലെ അംഗീകരിക്കുന്നു ........ 22

10: വ്യക്തിത്വം – ആത്മാവിൽ ജനിച്ചു ........ 24

11: പ്രീയപ്പെട്ടവരിലെ അംഗീകാരം ........ 28

12: ബന്ധങ്ങൾ ........ 31

13: മറ്റുള്ളവരെ ഉള്ളതു പോലെ അംഗീകരിക്കുക ........ 34

14: ബന്ധങ്ങൾ – സമത്വം ........ 37

15: ബന്ധങ്ങൾ – ശിഷ്യത്വം ........ 40

16: ബന്ധങ്ങൾ – ദൈവരാജ്യം ........ 42

ഉള്ളടക്കം ........ 44

10 പത്ത് വിത്തുകൾ വർക്ക്ഷീറ്റ് ........ 45

# മുഖവുര

*എല്ലാ കാര്യങ്ങളും അനുരഞ്ജിപ്പിക്കാനും പുനഃസ്ഥാപിക്കാനും പുതുക്കാനും ദൈവം സ്നേഹത്തിൽ എല്ലാം ചെയ്യുന്നു. അവൻ ആപേക്ഷികനും, അവൻ അടുപ്പമുള്ളവനും, അവൻ വ്യക്തിപരവുമാകുന്നു.*

ഈ പഠനത്തിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കേണ്ടുന്നതിന് ചുവടെയുള്ളത് ശ്രദ്ധിക്കുക:

- ദൈവത്തിൽ നിന്ന് കേൾക്കും എന്ന് പ്രതീക്ഷിക്കുക
- ചോദ്യങ്ങൾ ചോദിക്കുക
- നിങ്ങളുടെ ആശയങ്ങൾ പങ്കിടുകയും ചർച്ച ചെയ്യുകയും ചെയ്യുക
- നിങ്ങളുടെ ഉത്തരങ്ങൾ ഈ വർക്ക്ബുക്കിൽ എഴുതുക
- ഇതിലെല്ലാം ഉപരി ഈ പഠനയാത്ര ആസ്വദിക്കുക.

## ദൈവത്തിന്റെ പദ്ധതി

സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കാര്യങ്ങളും ക്രിസ്തുയേശുവിൽ, അവന്റെ ഭരണത്തിനും വാഴ്ചയ്ക്കും അധീനതയിൽ ഒന്നിച്ചു കൂട്ടുക എന്നതാണ് ആദിമുതൽ ആസൂത്രണം ചെയ്യപ്പെട്ട ദൈവത്തിന്റെ രക്ഷയുടെ ഉദ്ദേശ്യം. ദൈവം ക്രിസ്തു യേശുവിലൂടെ പ്രപഞ്ചത്തിന് ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുന്നു. അവനിൽ, നാം അവനോടൊപ്പം ഒന്നാണ്.

***എഫെസ്യർ 1:9-10*** *...അവൻ തന്റെ രഹസ്യ പദ്ധതിയെ മുഴുവൻ വിജ്ഞാനത്തിലും വിവേകത്തിലും നമ്മെ അറിയിച്ചു. ദൈവേച്ഛ അങ്ങനെയായിരുന്നു. അതൊക്കെ ക്രിസ്തുവിലൂടെ നിറവേറ്റാനായിരുന്നു അവന്റെ പരിപാടി. ശരിയായ സമയത്ത് തന്റെ പരിപാടികൾ പൂർത്തിയാക്കുകയായിരുന്നു ദൈവത്തിന്റെ ലക്ഷ്യം. ക്രിസ്തുവിനെ ശിരസ്സാക്കിക്കൊണ്ട് ഭൂമിയിലേയും സ്വർഗ്ഗത്തിലേയും എല്ലാ വസ്തുക്കളേയും കൂട്ടിച്ചേർക്കാൻ ദൈവം പരിപാടിയിട്ടു.* (ERV)

## ശിഷ്യന്മാരെ ഉളവാക്കുവാൻ

യേശു തന്നെ അനുഗമിക്കുന്നവർക്ക് (ശിഷ്യന്മാർ) അവരുടെ ജീവിതയാത്രയിൽ പരിശുദ്ധാത്മാവിനാൽ മറ്റ് അനുഗാമികളെ ഉളവാക്കാൻ തന്റെ അധികാരം നൽകി, ഇതിലൂടെ അവർ ജീവിത സഞ്ചാരത്തിൽ തന്റെ ആത്മാവിലൂടെ അവർ 'അനുഗാമികളെ (ശിഷ്യന്മാരെ) ഉണ്ടാക്കും.'

***മത്തായി 28:18-20*** *അതിനാൽ യേശു അവരുടെയടുത്തേക്കു വന്നു പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരങ്ങളും എനിക്കു തന്നിരിക്കുന്നു. അതിനാൽ നിങ്ങൾ എല്ലാ രാജ്യങ്ങളിലും ചെന്ന് അവരെ ശിഷ്യന്മാരാക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പേരിൽ അവരെ സ്നാനപ്പെടുത്തുക. ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുക. ഞാൻ എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമെന്ന് നിങ്ങൾക്കുറപ്പിക്കാം. ലോകാവസാനംവരെ ഞാൻ നിങ്ങളോടൊപ്പമുണ്ടാകും."* (ERV)

ദൈവത്തെയും അവന് നിങ്ങളോടുള്ള സ്നേഹം അറിയുന്നതിലൂടെയും, അവൻ ആരാണെന്നും അവൻ എന്താണ് ചെയ്തതെന്നും അവൻ എന്തു ചെയ്യുമെന്നും അറിയുന്നതിലൂടെയാണ് ശിഷ്യത്വം ആരംഭിക്കുന്നത്. അവന്റെ വചനത്തിലും അവന്റെ സാന്നിധ്യത്തിലും ആരാധനയിലും പ്രാർത്ഥനയിലും മറ്റ് വിശ്വാസികളുമായുള്ള കൂട്ടായ്മയിലും അവനോടൊപ്പം സമയം ചെലവഴിക്കുന്നത് ദൈവത്തെ അറിയാൻ നമ്മെ സഹായിക്കുന്നു.

ഈ ശിഷ്യത്വ പഠനയാത്ര നാം തുടർന്ന് ചെയ്യുമ്പോൾ, അവന്റെ ആത്മാവിനാൽ, നിങ്ങൾ കർത്താവിന്റെ മഹത്വത്തെക്കുറിച്ചും അവന് നിങ്ങളോടുള്ള അവന്റെ വലിയ സ്നേഹത്തെക്കുറിച്ചും കൂടുതൽ അറിവ് നേടുകയും കൂടാതെ ദൈവത്തിന്റെ പൂർണ്ണതയുടെ എല്ലാ അളവിലും നിറഞ്ഞ് അതിലൂടെ ലോകം അവനെ അറിയുവാൻ ഇട വരട്ടെ എന്നും ഞാൻ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ

# സെഷൻ 1: അദൃശ്യമായത് കാണുന്നു

*സൃഷ്ടാവായ ദൈവം ബന്ധപ്പെടുന്നവനാണ്. അവന്റെ വചനം വ്യക്തിപരമാണ്. അവന്റെ സാന്നിദ്ധ്യം അടുപ്പമുള്ളതാണ്. അവന്റെ സൃഷ്ടി സാക്ഷ്യമുള്ളതാണ്.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവത്തിന് തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തി തരുവാനുള്ള തന്റെ ആഗ്രഹം പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## കൂട്ട ചർച്ച

ദൈവം തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തിയ വിവിധ രീതികൾ ഏതൊക്കെയെന്ന് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

**സങ്കീർത്തനം 19:1-6, റോമർ 1:20, ഹോശെയ 12:10, ഉല്പത്തി 31:11** വായിക്കുക

---

---

**ആവർത്തനം 4:35-39, ഉല്പത്തി 15:1, 2 രാജാക്കന്മാർ 5:1, 2 രാജാക്കന്മാർ 5:14-15, യോഹന്നാൻ 9:1-7** വായിക്കുക

---

---

**ലൂക്കോസ് 24:27, യോഹന്നാൻ 20:31, സങ്കീർത്തനം 33:6-9** വായിക്കുക

---

---

**യോഹന്നാൻ 1:14-18, 14:6-7, എബ്രായർ 1:1-4** വായിക്കുക

---

**യോഹന്നാൻ 16:13-15, 1 യോഹന്നാൻ 5:6** വായിക്കുക

---

## സാക്ഷ്യം

ദൈവം തന്നെത്തന്നെ നിങ്ങൾക്ക് **എങ്ങനെ** വെളിപ്പെടുത്തി?

---

---

---

## അന്ത്യ സ്തോത്ര പ്രാർത്ഥന

ദൈവം തന്നെത്തന്നെ നമുക്ക് വെളുപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതിന് അവന് നന്ദി പറയുക.

# സെഷൻ 2: അവനെ അറിയുവാൻ

*സൃഷ്ടാവായ ദൈവം സമയത്തിനും സ്ഥലത്തിനും അപ്പുറമാണ്, എന്നാലും നമ്മുടെ സമയത്തിലും സ്ഥലത്തിലും അവൻ വ്യക്തിപരമായി ഇറങ്ങി വരുന്നു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## മുഖവുര

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന വ്യത്യസ്ത വഴികൾ നാം ആദ്യ സെഷനിൽ പഠിച്ചു. നാം ബൈബിൾ - ദൈവത്തിന്റെ വ്യക്തിപരമായ പ്രണയലേഖനം, വായിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ - അവനെക്കുറിച്ച് ധാരാളം മനസ്സിലാക്കുന്നു. *'ആദിയിൽ ദൈവം... സൃഷ്ടിച്ചു'* എന്ന ആദ്യവാക്കുകൾ പോലും, ആദി എപ്പോഴായിരുന്നുവോ അപ്പോൾ തന്നെ ദൈവം ഉണ്ടായിരുന്നു എന്നും, അവൻ സകലവും സൃഷ്ടിച്ചുവെന്നും നമുക്ക് വെളിപ്പെടുത്തുന്നു. ദൈവത്തെ കൂടുതൽ അറിയാൻ നാം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്ന് ദൈവീക ദർശനങ്ങൾ പഠിക്കാം.

## വചനപഠനം - ദൈവീക ദർശനങ്ങൾ - യെഹെസ്കേൽ

ദൈവം തന്നെത്തന്നെ ആർക്ക് വെളിപ്പെടുത്തുന്നുവോ ആ വ്യക്തിയുടെ ആവശ്യമനുസരിച്ച് സ്വയം വെളിപ്പെടുത്തുന്നു. യെഹെസ്കേലിന് നൽകിയ ദൈവീകദർശനത്തെ കുറിച്ച് നമുക്ക് പഠിക്കാം.

## ദർശനസന്ദർഭം

യെഹെസ്കേൽ ദൈവത്തിന്റെ ഒരു പ്രവാചകനും പുരോഹിതനുമായിരുന്നു. പുരാതന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ രണ്ടെണ്ണത്തിൽ നിന്നുള്ളവരുമായി യെഹെസ്കേലും ഒരു വിദേശ രാജ്യത്ത് പ്രവാസത്തിലായിരുന്നു (**യെഹെസ്കേൽ 1:1**). അവർ സ്വന്തം ആരാധന സ്ഥലമായ യെരുശലേം നഗരത്തിൽ നിന്ന് വളരെ ദൂരെയായിരുന്നു. അവർ അന്യദൈവങ്ങളെ ആരാധിക്കുന്ന ഒരു വിമത ജനതയായിരുന്നു. അതിനാൽ ദൈവം തന്റെ പ്രവാചകനും പുരോഹിതനുമായ യെഹെസ്കേലിന് നാടകം പോലെ ഒരു ദർശനം നൽകി (**യെഹെസ്കേൽ 1:3**).

**യെഹെസ്കേൽ 1:15-21** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും ഒന്നിൽ അധികം തവണ തുടർച്ചയായി വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്ത് കൊടുത്തിരിക്കുന്ന അഞ്ച് കാര്യങ്ങൾ എന്തൊക്കെയെന്ന് ചർച്ച ചെയ്യുക.

ഉത്തരങ്ങൾ എഴുതുക.

**വാക്യം 15** ____________________

**വാക്യം 16-17** ____________________

**വാക്യം 18** ____________________

**വാക്യം 19** ____________________

**വാക്യം 21** ____________________

വചനത്തിനു തെറ്റായ അർത്ഥം നൽകാതിരിക്കുവാൻ നമ്മെ സഹായിക്കുന്നതിനായി തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുക:

ഈ വാക്യത്തിലെ വ്യക്തിത്വങ്ങൾ **ആരൊക്കെ**? **യെഹെസ്കേൽ 1:1-3** വായിക്കുക

**ആരാണ്** സാംസാരിക്കുന്നത്?

യെഹെസ്കേൽ **ആരോടാണ്** സംസാരിക്കുന്നത്? **യെഹെസ്കേൽ 1:28-2:5** വായിക്കുക

ഈ വ്യക്തിത്വങ്ങൾ തമ്മിൽ **എങ്ങനെയാണ്** ഇടപെടുന്നത്?

**എവിടെയാണ്** ഈ നാടകം നടന്നത്?

**എപ്പോഴാണ്** ഈ നാടകം നടന്നത് - യേശു ജഡവും രക്തവുമായി, ക്രൂശിൽ മരിച്ച്, മരണത്തിൽ നിന്ന് ഉയിർത്ത് ഉയരങ്ങളിലേക്ക് എടുക്കപ്പെട്ടതിന് മുമ്പോ അതോ ശേഷമോ?

ചക്രം **എന്താണ്** പ്രതിനിധീകരിക്കുന്നത്?

ദൈവത്തെ കുറിച്ച് **എന്താണ്** ചലിക്കുന്ന ചക്രം പ്രതിനിധീകരിക്കുന്നത്?

**എന്താണ്** കണ്ണ് ദൈവത്തെ കുറിച്ച് പ്രതിനിധീകരിക്കുന്നത്? **യെഹെസ്കേൽ 8:12** വായിക്കുക

**എന്തു** കൊണ്ടാണീ വചനം എഴുതിയത്? **യെഹെസ്കേൽ 11:16-25** വായിക്കുക

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇത് ഇന്ന് നമുക്ക് **എന്താണ്** അർത്ഥമാക്കുന്നത്?

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തികവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

## അന്ത്യ സ്തോത്ര പ്രാർത്ഥന

ദൈവം തന്നെത്തന്നെ നമുക്ക് വെളുപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതിന് അവന് നന്ദി പറയുക.

# സെഷൻ 3: സ്വയം വ്യക്തിപരമാക്കുന്നു

*ദൈവം ബന്ധപ്പെടുന്നവനാണ്. അവൻ വ്യക്തിപരമായി ആശയവിനിമയം ചെയ്യുന്നു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

നമ്മുടെ ആവശ്യമനുസരിച്ച് നമ്മുടെ ജീവിതത്തിലേക്ക് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി തരുവാനുള്ള തന്റെ ആഗ്രഹം പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം - ദൈവീക ദർശനങ്ങൾ - യാക്കോബ്

നാം പഠിച്ചതു പോലെ ദൈവം വിവിധ രീതികളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ദൈവം തന്നെത്തന്നെ ആർക്ക് വെളിപ്പെടുത്തുന്നുവോ ആ വ്യക്തിയുടെ ആവശ്യമനുസരിച്ച് സ്വയം വെളിപ്പെടുത്തുന്നു. യാക്കോബിന് നൽകിയ ദൈവീകദർശനത്തെ കുറിച്ച് നമുക്ക് പഠിക്കാം.

## ദർശനസന്ദർഭം

പുരാതന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ പിതാവായ യാക്കോബ് യിസഹാക്കിന്റെയും റിബേക്കയുടെയും മകനാണ്. യിസഹാക്ക് അബ്രഹാമിന്റെയും സാറയുടെയും മകനായിരുന്നു. അബ്രഹാമിനും യിസഹാക്കിനും ദൈവത്തിൽ നിന്ന് വ്യക്തിപരമായി വാഗ്ദത്തം ലഭിച്ചു. ജേഷ്ഠാവകാശം ലഭിക്കുന്നതിനായി യാക്കോബ് ജ്യേഷ്ഠനെ വഞ്ചിച്ചു. തൽഫലമായി, യാക്കോബിന്റെ അമ്മ റിബേക്ക തന്റെ സഹോദരന്റെ കോപത്തിൽ നിന്ന് രക്ഷപെടാൻ ഓടിപ്പോകുവാൻ യാക്കോബിനോട് പറഞ്ഞു. യാക്കോബിന് വിവാഹ പ്രായം ആയതിനാൽ യിസഹാക്ക് യാക്കോബിനെ വധുവിനെ തേടുവാൻ റാഹേലിന്റെ കുടുംബ ഗോത്രത്തിലേക്ക് അയച്ചു.

**ഉല്പത്തി 28:10-22** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിങ്ങൾ ശ്രദ്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിനു തെറ്റായ അർത്ഥം നൽകാതിരിക്കുവാൻ നമ്മെ സഹായിക്കുന്നതിനായി തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുക:

ഈ വാക്യത്തിലെ വ്യക്തിത്വങ്ങൾ **ആരൊക്കെ**?

**ആരാണ്** സാംസാരിക്കുന്നത്?

ദൈവം **ആരോടാണ്** സംസാരിക്കുന്നത്?

ഈ വ്യക്തിത്വങ്ങൾ തമ്മിൽ **എങ്ങനെയാണ്** ഇടപെടുന്നത്?

ദൈവം തന്നെത്തന്നെ യാക്കോബിന് **എങ്ങനെ** പരിചയപ്പെടുത്തി? **വാക്യം 13** വായിക്കുക്ക

യാക്കോബുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് ദൈവം സ്വയം പരിചയപ്പെടുത്തുന്ന രീതി **എന്താണ്** നമ്മോട് പറയുന്നത്?

**വാക്യം 15**ൽ ദൈവം യാക്കോബിന് **എന്താണ്** വാഗ്ദാനം ചെയ്തത്?

**എവിടെയാണ്** ഈ നാടകം നടന്നത്? **വാക്യം 19** വായിക്കുക

ഗോവേണി എവിടെയാണ് സ്ഥാപിച്ചത്, ഗോവേണി **എവിടേക്കാണ്** പോയിരുന്നത്? **വാക്യം 12** വായിക്കുക

ഗോവേണി **എന്താണ്** പ്രതിനിധീകരിക്കുന്നത്?

**എപ്പോഴാണ്** ഈ നാടകം നടന്നത് - യേശു ജഡവും രക്തവുമായി, ക്രൂശിൽ മരിച്ച്, മരണത്തിൽ നിന്ന് ഉയിർത്ത് ഉയർങ്ങളിലേക്ക് എടുക്കപ്പെട്ടതിന് മുമ്പോ അതോ ശേഷമോ?

**എന്തു** കൊണ്ടാണീ വചനം എഴുതിയത്?

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്?

**യോഹന്നാൻ 1:51**ൽ യേശു തന്റെ ശിഷ്യന്മാരോട്, അവർ സ്വർഗ്ഗം തുറക്കുന്നതും മനുഷ്യപുത്രന്റെ (തന്റെമേൽ) മേൽ ദൂതന്മാർ ഇറങ്ങുന്നതും കയറുന്നതും കാണും എന്ന് പറഞ്ഞു. യേശുക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിലൂടെ സ്വർഗം തുറന്നിരിക്കുന്നു. ഇന്ന് യേശുക്രിസ്തുവിലൂടെ, അവന്റെ ആത്മാവ് മൂലം നമുക്ക് ദൈവത്തെ വ്യക്തിപരമായി അറിയാൻ കഴിയും. നമുക്ക് ദൈവത്തിലേക്ക് നേരിട്ട് പ്രവേശനമുണ്ട്. അത് മാത്രമല്ല, നമ്മുടെ സാഹചര്യങ്ങൾ എന്തായിരുന്നാലും ദൈവം നമുക്കായി കാത്തിരിക്കുന്നു.

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

## അന്ത്യ സ്തോത്ര പ്രാർത്ഥന

ദൈവം തന്നെത്തന്നെ നമുക്ക് വെളുപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതിന് അവന് നന്ദി പറയുക.

# സെഷൻ 4: ഇപ്പോഴാണ് സമയം

*നോക്കൂ, അവന്റെ കണ്ണുകൾ തീ പോലെയാണ്! അവനെ സ്വീകരിക്കുന്നവർ സ്നേഹവും വെളിച്ചവും ജീവിതവും കാണുന്നു.*
*അവനെ നിരസിക്കുന്നവർ ശിക്ഷയും ഇരുട്ടും മരണവും കാണുന്നു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

യേശു സ്വർഗ്ഗത്തിലേക്കുള്ള വഴി എന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം - ദൈവീകദർശനങ്ങൾ - യോഹന്നാൻ

നാം പഠിച്ചതു പോലെ ദൈവം വിവിധ രീതികളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ദൈവം തന്നെത്തന്നെ ആർക്ക് വെളിപ്പെടുത്തുന്നുവോ ആ വ്യക്തിയുടെ ആവശ്യമനുസരിച്ച് സ്വയം വെളിപ്പെടുത്തുന്നു. യോഹന്നാന് നൽകിയ ദൈവീകദർശനത്തെ കുറിച്ച് നമുക്ക് പഠിക്കാം.

## ദർശനസന്ദർഭം

യോഹന്നാനെ തന്റെ വിശ്വാസത്തിന്റെ പേരിൽ നാടുകടത്തി. സഭ പീഡനത്തിന് വിധേയമായിരുന്നു. റോമാക്കാർ...ഏറ്റവും ക്രൂരവും ശക്തവുമായ മാനുഷീക സാമ്രാജ്യം ആയിരുന്നു അധികാരത്തിൽ. അടിച്ചമർത്തലിന്റെയും ഒറ്റപ്പെടലിന്റെയും സാഹചര്യത്തിൽ, യോഹന്നാൻ എല്ലാ ദൈവീക മഹത്വത്തിലും സ്നേഹത്തിലും ശക്തിയിലും ദൈവത്തിന്റെ വെളിപ്പാട് പ്രാപിച്ചു. ദൈവം അന്നും ഇന്നും വരുവാനുള്ള കാലത്തും സിംഹരൂഢനാണ് കൂടാതെ അവന്റെ ശക്തി എല്ലാ തിന്മകളേക്കാളും എല്ലാ യുഗങ്ങളിലുമുള്ള എല്ലാ മാനുഷീക സാമ്രാജ്യങ്ങളെക്കാളും വലുതാണ്. എല്ലാ തിന്മയും അവസാനിക്കും എന്ന് യോഹന്നാനും എല്ലാ വിശ്വാസികൾക്കും ഉറപ്പു നൽകാൻ കഴിഞ്ഞു. യേശു തിന്മയെ പരാജയപ്പെടുത്തി. തിന്മ, അത് കടമെടുത്ത സമയത്താണ് ആയിരിക്കുന്നത്. തിന്മയെല്ലാം ഇല്ലാതാകുന്നതിനുമുമ്പ് സ്വതന്ത്രമായി തന്നിലേക്ക് വരുന്ന എല്ലാവർക്കുമായി ദൈവം കാത്തിരിക്കുന്നു.

യേശുവിന്റെ വെളിപ്പാടിന്റെ ചെറിയ ഒരു ഭാഗവും, നടക്കുന്ന സംഭവും നമുക്ക് ശ്രദ്ധിക്കാം.

**വെളിപ്പാട് 4:1-11** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിലെ ഓരോ വാക്യത്തിലും കൊടുത്തിരിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുക. നിങ്ങളുടെ കൈപത്രികയിൽ ഉത്തരങ്ങൾ എഴുതുക.

**വാക്യം 1** ______

**വാക്യം 2** ______

**വാക്യം 3** ______

**വാക്യം 4** ______

**വാക്യം 5** ______

**വാക്യം 6** ______

**വാക്യം 7** ______

______

**എന്താണ്** നാല് ജീവനുള്ള ജീവികൾ രാപ്പകൽ പറയുന്നത്? **വാക്യം 8** വായിക്കുക

സിംഹാസനത്തിൽ ഇരിക്കുന്നവനെ നാല് ജീവികൾ ആരാധിക്കുമ്പോൾ ഇരുപത്തി നാല് മൂപ്പന്മാർ **എന്താണ്** ചെയ്യുന്നത്? **വാക്യം 9-10** വായിക്കുക

സിംഹാസനത്തിൽ ഇരിക്കുന്നവനെ ആരാധിക്കുമ്പോൾ ഇരുപത്തി നാല് മൂപ്പന്മാർ **എന്താണ്** പറയുന്നത്? **വാക്യം 11** വായിക്കുക

സ്വർഗ്ഗത്തിലേക്ക് വാതിൽ തുറന്നിരിക്കുന്നു: യോഹന്നാൻ കാണുന്ന വാതിൽ, നമ്മെ ശുദ്ധീകരിച്ച യേശുവിന്റെ തികഞ്ഞ രക്തബലിയുടെ പ്രതീകമാണ്, അത് നമ്മെ ശുദ്ധീകരിച്ചു. യേശുവിന്റെ സ്വയ രക്തബലി നാം സ്വീകരിക്കുമ്പോൾ നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവും നമ്മുടെ മേലും, ചുറ്റും ദൈവ സാന്നിദ്ധ്യവും ഉണ്ട്.

അവന്റെ ആത്മാവിനാൽ നമുക്ക് ദൈവീക സിംഹാസനത്തിലേക്ക് പ്രവേശനം ലഭിക്കേണ്ടതിന് യേശു മുഖാന്തരം ദൈവം ജഡവും രക്തവുമായി, നമ്മിൽ ഒരുവനായി, തന്റെ ജീവൻ യാഗമാക്കി, ഉയിർത്തു ഉയരങ്ങളിലേക്ക് കയറി പിതാവായ ദൈവത്തിന്റെ വലതു ഭാഗത്ത് ഇരിക്കുന്നു.

ദുഷ്ടതയാൽ നാശമായിരിക്കുന്ന ഈ സമയത്ത് നമുക്ക് നിരന്തരമായ കൂടിക്കാഴ്ച, കൂട്ടായ്മ, ഉപദേശം, ബന്ധം, സ്നേഹം, വെളിപ്പാട് ഉണ്ടാകേണ്ടതിനായി ആത്മാവിനാൽ സിംഹാസനത്തിലേക്ക് പ്രവേശനം ഉണ്ട്.

ഭാവിയിൽ, നമ്മുടെ ഉയിർത്തെഴുന്നേറ്റ പരിപൂർണ്ണ ശരീരങ്ങളിൽ ദൈവത്തിന്റെ സിംഹാസനത്തിങ്കലേക്ക് പ്രവേശനം ലഭിക്കുമെന്നതാണ് നമ്മുടെ പ്രത്യാശ, അവിടെ നാം അവനെ മുഖാമുഖം കാണും. അവിടെ കണ്ണുനീർ ഉണ്ടാകില്ല, വേദനയുണ്ടാകില്ല, വാർദ്ധക്യം ഉണ്ടാകില്ല, രോഗം ഉണ്ടാകില്ല. കാല സമ്പൂർണ്ണതയിൽ എല്ലാം പൂർണമാകും.

വചനത്തിനു തെറ്റായ അർത്ഥം നൽകാതിരിക്കുവാൻ നമ്മെ സഹായിക്കുന്നതിനായി തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുക:

ഈ വാക്യത്തിലെ വ്യക്തിത്വങ്ങൾ **ആരൊക്കെ**?

**ആരോടാണ്** അവർ സംസാരിക്കുന്നത്?

**ആരോടാണ്** അവർ സംസാരിക്കുന്നത്? **വെളിപ്പാട് 4:1** വായിക്കുക

**ആരോടാണ്** ശബ്ദം സംസാരിക്കുന്നത്? **വെളിപ്പാട് 4:1** വായിക്കുക

നാല് ജീവികൾ **ആരോടാണ്** സംസാരിക്കുന്നത്? **വെളിപ്പാട് 4:8** വായിക്കുക

**വെളിപ്പാട് 4:11** വായിക്കുക

ഇരുപത്തിനാല് മൂപ്പന്മാർ **ആരോടാണ്** സംസാരിക്കുന്നത്?

ഈ വ്യക്തിത്വങ്ങൾ തമ്മിൽ **എങ്ങനെയാണ്** ഇടപെടുന്നത്?

**എവിടെയാണ്** ഈ നാടകം നടന്നത്? **വെളിപ്പാട് 1:9, വെളിപ്പാട് 4:1** വായിക്കുക

**എപ്പോഴാണ്** ഈ നാടകം നടന്നത് - യേശു ജഡവും രക്തവുമായി, ക്രൂശിൽ മരിച്ച്, മരണത്തിൽ നിന്ന് ഉയിർത്ത് ഉയരങ്ങളിലേക്ക് എടുക്കപ്പെട്ടതിന് മുമ്പോ അതോ ശേഷമോ?
**വെളിപ്പാട് 1:17-18** വായിക്കുക

**എന്തു** കൊണ്ടാണീ വചനം എഴുതിയത്?

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് അത് **എന്താണ്** അർത്ഥമാക്കുന്നത്?

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

## സാക്ഷ്യം

ഈ ദൈവീക ദർശന സെഷനിൽ ദൈവം നിങ്ങളോട് **എന്തിനെ** പറ്റി സംസാരിച്ചു?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 5: ദൈവം ഇത്ര അധികം സ്നേഹിക്കുന്നു

*അറിവ് ഒരു ശക്തിയാണ്. അവന്റെ സ്നേഹത്തിന്റെ ശക്തി അറിയുക.*

### ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

### ആരാധന

ദൈവ സ്നേഹത്തെ പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

### വചനപഠനം - ദൈവ സ്നേഹം

നമ്മൾ പഠിച്ചതുപോലെ, സൃഷ്ടാവായ ദൈവം ബന്ധം പുലർത്തുന്നവനും ആയിരിക്കുന്നവനും, ആകുന്നവനും, വരുന്നവനും ആകുന്നു. ദൈവം ഇത്രയധികം സ്നേഹിക്കുന്നതിനാൽ അവൻ എല്ലാം സ്നേഹത്തിൽ ചെയ്യുന്നു. ഈ ദൈവസ്നേഹം നമ്മുടെ സ്വന്തം ഗ്രാഹ്യത്തിനപ്പുറമുള്ള സ്നേഹമാണ്. ഈ ദൈവസ്നേഹത്തിന്റെ ചില വശങ്ങൾ അവന്റെ കഥ, അവന്റെ യഥാർത്ഥ പ്രണയകഥയായ ബൈബിളിൽ നിന്ന് നമുക്ക് പഠിക്കാം.

**1 കൊരിന്ത്യർ 13:1-8** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

### കൂട്ട ചർച്ച

ഈ വചനഭാഗത്തിന്റെ ഓരോ വാക്യത്തിലും ദൈവ സ്നേഹത്തിന്റെ ഏതു വശമാണ് കൊടുത്തിരിക്കുന്നത് എന്ന് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

**വാക്യം 4** ______

**വാക്യം 5** ______

**വാക്യം 6** ______

**വാക്യം 7** ______

**വാക്യം 8** ______

**ആരാണ്** സ്നേഹത്തിന്റെ ഉറവിടം? **1 യോഹന്നാൻ 4:7-10** വായിക്കുക

______

### കൂട്ട ചർച്ച

ഈ വചനഭാഗത്ത് ദൈവസ്നേഹം **എങ്ങനെയാണ്** പ്രകടിപ്പിച്ചിരിക്കുന്നത് എന്ന് ചർച്ച് ചെയ്യുക? ഉത്തരങ്ങൾ എഴുതുക.

______

______

വചനത്തിനു തെറ്റായ അർത്ഥം നൽകാതിരിക്കുവാൻ നമ്മെ സഹായിക്കുന്നതിനായി തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുക:

ഈ ഭാഗത്തിലെ വ്യക്തിത്വങ്ങൾ **ആരൊക്കെയാണ്**? **1 യോഹന്നാൻ 4:7-10** വായിക്കുക

______

______

**ആരാണ്** സാംസാരിക്കുന്നത്?

**ആരോടാണ്** അവൻ സംസാരിക്കുന്നത്?

ഈ വ്യക്തിത്വങ്ങൾ തമ്മിൽ **എങ്ങനെയാണ്** ഇടപെടുന്നത്?

**എപ്പോഴാണ്** ഈ നാടകം നടന്നത് - യേശു ജഡവും രക്തവുമായി, ക്രൂശിൽ മരിച്ച്, മരണത്തിൽ നിന്ന് ഉയിർത്ത് ഉയരങ്ങളിലേക്ക് എടുക്കപ്പെട്ടതിന് മുമ്പോ അതോ ശേഷമോ?

**എന്തു** കൊണ്ടാണീ വചനം എഴുതിയത്? **1 യോഹന്നാൻ 1:1-4** വായിക്കുക

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്?

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

## സാക്ഷ്യം

നിങ്ങൾക്ക് വേണ്ടിയുള്ള ദൈവസ്നേഹം ഒരുനാളും തീർന്നു പോകുന്നില്ല എന്നുള്ള അറിവ് നിങ്ങൾക്ക് **എന്താണ്** അർത്ഥമാക്കുന്നത്?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 6: പിതാവിന്റെ സ്നേഹം

*ദൈവത്വത്തിന്റെ സമ്പൂർണ്ണതയും യേശുവിൽ വസിക്കുന്നത് പിതാവിന് പ്രസാദകരമായിരുന്നു. അവൻ മുഖാന്തരം, എല്ലാം അവനോടു രമ്യതപ്പെടുത്തി.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവ സ്നേഹത്തെ പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം

ദൈവം ബന്ധം പുലർത്തുന്നവനും ആയിരിക്കുന്നവനും, ആകുന്നവനും, വരുന്നവനും ആകുന്നു. പിതാവും പുത്രനായ യേശുവും പരിശുദ്ധാത്മാവും മൂന്ന് വ്യക്തിത്വങ്ങൾ ചേർന്ന ഒരു തികഞ്ഞ ഒരുമയുണ്ട്, ഏക ദൈവം. അവന്റെ യഥാർത്ഥ പ്രണയകഥയായ ബൈബിളിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ കുറിച്ച് കൂടുതൽ പഠിക്കാം.

പിതാവിന്റെ സ്നേഹം വിലയേറിയതായതിനാൽ അവൻ തന്റെ പുത്രന് സകലവും നൽകുന്നു.

**കൊലൊസ്സ്യർ 1:19-20** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതേ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്? **കൊലൊസ്സ്യർ 1:21-22** വായിക്കുക

**യോഹന്നാൻ 3:16-17** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്? **യോഹന്നാൻ 3:18** വായിക്കുക

**യോഹന്നാൻ 3:35** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ടാ ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്? **യോഹന്നാൻ 3:36** വായിക്കുക

**1 യോഹന്നാൻ 3:1** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് അത് **എന്താണ്** അർത്ഥമാക്കുന്നത്?

**കൊലോസ്സ്യർ 1:12-14** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്?

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

## സാക്ഷ്യം

പിതാവ് നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നു എന്ന അറിവ് നിങ്ങൾക്ക് **എന്ത്** അർത്ഥമാണ് നൽകുന്നത്?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തികവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 7: പുത്രന്റെ സ്നേഹം

*നാം അവനുമായി സ്നേഹത്തിൽ ബന്ധപ്പെട്ടിരിക്കേണ്ടതിന് ദൈവം തന്നെത്തന്നെ സ്നേഹത്തിൽ വ്യക്തിപരമാക്കി.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

യേശുവിന്റെ ജഡരക്ത യാഗം പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക

## വചനപഠനം

ദൈവം ബന്ധം പുലർത്തുന്നവനും ആയിരിക്കുന്നവനും, ആകുന്നവനും, വരുന്നവനും ആകുന്നു. പിതാവും പുത്രനായ യേശുവും പരിശുദ്ധാത്മാവും മൂന്ന് വ്യക്തിത്വങ്ങൾ ചേർന്ന ഒരു തികഞ്ഞ ഒരുമയുണ്ട്, ഏക ദൈവം. ദൈവപുത്രനായ യേശുവിന്റെ സ്നേഹത്തിന്റെ ബന്ധത്തെ കുറിച്ച് നമുക്ക് പഠിക്കാം.

യേശുവിന്റെ സ്നേഹം വളരെ വലുതാണ്, നമുക്കായി ജഡരക്തയാഗമാകേണ്ടതിന് അവൻ എല്ലാം ഉപേക്ഷിച്ചു. എന്നിരുന്നാലും, ഓരോ ദിവസവും അവന്റെ സ്നേഹത്തെക്കുറിച്ച് വ്യക്തിപരമായി കൂടുതൽ കൂടുതൽ അറിയുന്നത് ദൈവത്തെയും ദൈവത്തിൽനിന്നും ഉള്ള പൂർണ്ണജീവൻ, സ്നേഹം, സത്യം, ശക്തി എന്നിവയെല്ലാം ലഭിക്കാൻ നമ്മെ സഹായിക്കുന്നു.

**യോഹന്നാൻ 10:14-18** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് യേശുവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

## സാക്ഷ്യം

ദൈവം നിങ്ങളുടെ നല്ല ഇടയൻ എന്ന അറിവ് നിങ്ങൾക്ക് **എന്ത്** അർത്ഥമാണ് നൽകുന്നത്?

**സങ്കീർത്തനം 23** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

നല്ല ഇടയനായ യേശു നിങ്ങൾക്ക് എന്ത് ചെയ്ത് തരുന്നു എന്നതിനെ പറ്റി ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

വചനത്തിലുള്ളതും ഇന്നും അതെ രീതിയിലുള്ളതുമായ ചില കാര്യങ്ങൾ **എന്തൊക്കെയാണ്**?

ഇന്ന് നമുക്ക് ഇത് **എന്താണ്** അർത്ഥമാക്കുന്നത്?

ഈ വചനത്തിൽ നിന്ന് ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

യേശുവിലൂടെയുള്ള ഈ ദൈവസ്നേഹം **എത്ര** ദൃഢമാണ്? **റോമർ 8:38-39** വായിക്കുക

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 8: പരിശുദ്ധാത്മാവിന്റെ സ്നേഹം

*ആത്മാവും മണവാട്ടിയും പറയുന്നു 'വരൂ!' കേൾക്കുന്നവരെല്ലാം വരട്ടെ. ദാഹിക്കുന്നവരെല്ലാം വരട്ടെ. ജീവജലം കൊതിക്കുന്നവരെല്ലാം സ്വതന്ത്രമായി കുടിക്കട്ടെ.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവ സ്നേഹത്തെ പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം

ദൈവം ബന്ധം പുലർത്തുന്നവനും ആയിരിക്കുന്നവനും, ആകുന്നവനും, വരുന്നവനും ആകുന്നു. പിതാവും പുത്രനായ യേശുവും പരിശുദ്ധാത്മാവും മൂന്ന് വ്യക്തിത്വങ്ങൾ ചേർന്ന ഒരു തികഞ്ഞ ഒരുമയുണ്ട്, ഏക ദൈവം. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിന്റെ ബന്ധത്തെ കുറിച്ച് നമുക്ക് പഠിക്കാം.

ദൈവസ്നേഹം വളരെ വലുതാണ്, അത് നമുക്ക് മനസ്സിലാക്കാവുന്നതിലും അപ്പുറമാണ്. പരിശുദ്ധാത്മാവിന്റെ സ്നേഹം ഒരിക്കലും അവനിലേക്ക് വിരൽ ചൂണ്ടുന്നില്ല. പകരം അവൻ നമ്മുടെ ഉള്ളിൽ വെളിപ്പെടുത്തുകയും സ്ഥിരീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും വസിക്കുകയും ചെയ്യുന്നു, അതിനാൽ നാം പിതാവിന്റെ സ്നേഹവും പുത്രനായ യേശുവിന്റെ സ്നേഹവും വ്യക്തിപരമായും ശക്തമായും അടുത്തും അനുഭവിക്കുന്നു.

പരിശുദ്ധാത്മാവ് **ആരെയാണ്** സാക്ഷ്യപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നത്? **യോഹന്നാൻ 16:13-15** വായിക്കുക

---

വ്യക്തിപരമായും ശക്തമായും അടുപ്പമായും ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പകരുന്നത് **എങ്ങനെയാണ്**? **റോമർ 5:5-8** വായിക്കുക

---

**റോമർ 8: 14-16** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തിൽ നിന്ന് പരിശുദ്ധാത്മാവിന്റെ സ്നേഹത്തെ പറ്റി മനസ്സിലാക്കിയത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

---

---

---

---

എല്ലാ വിശ്വാസികളും 'ദൈവത്തിന്റെ പുത്രന്മാരാണ്' (ആണും പെണ്ണും) കാരണം അവർ അവന്റെ ആത്മാവിനെ സ്വീകരിച്ചിരിക്കുന്നു. 'ദൈവത്തിന്റെ പുത്രന്മാർ' എന്ന വാക്കുകൾ നമുക്ക് ഇപ്പോൾ അവകാശമായി ലഭിക്കുന്ന ദൈവവുമായുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു. ഈ ദത്തെടുക്കൽ ആദ്യജാതനായ മകന്റെ എല്ലാ നിയമപരമായ അവകാശങ്ങളോട് കൂടെ രാജകീയ രക്തത്തിന്റെ ആദ്യജാതനായ മകനായിട്ടാണ്. അതുകൊണ്ട് നാം ദൈവരാജ്യത്തിന്റെ രാജാവായ യേശുവിന്റെ തുല്യ അവകാശികളായിത്തീരുന്നു.

## സാക്ഷ്യം

നിങ്ങൾ ദൈവ പൈതലാണെന്നുള്ള അറിവ് **എന്താണ്** നിങ്ങൾക്ക് അർത്ഥമാക്കുന്നത്?

ഈ വചനത്തിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?


# സെഷൻ 9: എന്നെ ഉള്ളതുപോലെ അംഗീ കരിക്കുന്നു

*അവന്റെ സ്നേഹത്തിൽ കണ്ടെത്തി. എന്നെ ഉള്ളതുപോലെ അംഗീകരിക്കുന്നു. നിത്യതയ്ക്കായി ബന്ധിക്കപ്പെട്ടിരിക്കുന്നു. മഹത്വത്തിൽ ജീവന്റെ പൂർണ്ണതയിൽ. ഞാൻ എന്നെന്നേക്കുമായി മാറിയിരിക്കുന്നു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന



ഞാൻ ഉള്ളതുപോലെ ദൈവത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## നാല് കാർഡ് വർക്ക്ഷോപ്പ്

**പടി 1:** ഓരോരുത്തരും ഒരു കാലി കടലാസ്സ് എടുത്ത് നാല് ഭാഗമായി മുറിക്കുക. ഓരോരുത്തരും അവർക്ക് ലഭിച്ച കാർഡിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രതിനിധീകരിക്കുന്ന ചിത്രങ്ങൾ വരയ്ക്കുക.

കാർഡ് 1 = ഞാൻ. കാർഡ് 2 = എന്റെ കുടുംബം. കാർഡ് 3 = എന്റെ വിദ്യാഭ്യാസം. കാർഡ് 4 = എന്റെ ഗ്രാമം

**പടി 2:** ഓരോരുത്തരും സ്വയം, അവരുടെ കുടുംബം, അവരുടെ വിദ്യാലയം, അവരുടെ സമൂഹം എന്നിവ ലളിതമായ ചിത്രങ്ങളായും വാക്കുകളായും അവരുടെ നാല് കാർഡുകളുടെ പിൻപുറത്ത് വരയ്ക്കുക. കാർഡുകളിൽ അവരുടെ പേര് എഴുതാതെയിരിക്കുക.

കാർഡ് 1: എന്നെ കുറിച്ച് എനിക്ക് എന്താണ് തോന്നുന്നത്? (സന്തോഷമുള്ളത് അല്ലെങ്കിൽ ദുഃഖമുള്ള മുഖം വരയ്ക്കുക). എനിക്ക് സ്നേഹം അനുഭവിക്കുവാൻ കഴിയുന്നുവോ? എന്റെ സമൂഹം എന്നെ അംഗീകരിക്കുന്നുവോ? ഞാൻ എന്തിലാണ് മികച്ചത്? എന്ത് ചെയ്യുവാനാണ് എനിക്ക് ഇഷ്ടം? എനിക്ക് ഇഷ്ടമുള്ള മൃഗമേതാണ്? എനിക്ക് ഇഷ്ടമുള്ള ആഹാരം ഏതാണ്? എന്റെ സ്വപ്നങ്ങൾ എന്തൊക്കെയാണ്? എനിക്ക് എന്തിനെയാണ് ഭയം?

കാർഡ് 2: ആരൊക്കെ എന്റെ കുടുംബത്തിൽ ഉണ്ട്? എന്റെ കുടുംബത്തിന്റെ ആരോഗ്യ സ്ഥിതി എന്താണ്? ഏത് ദൈവത്തിലാണ് എന്റെ കുടുംബം വിശ്വസിക്കുന്നത്? എന്റെ മേൽ അധികാരം ഉള്ളവർ എപ്രകാരമാണ്? (സന്തോഷമുള്ളത് അല്ലെങ്കിൽ ദുഃഖമുള്ള മുഖം വരയ്ക്കുക).

കാർഡ് 3: എന്റെ ജീവിതത്തെ പറ്റി എനിക്ക് എന്താണ് തോന്നുന്നത്? (സന്തോഷമുള്ളത് അല്ലെങ്കിൽ ദുഃഖമുള്ള മുഖം വരയ്ക്കുക). എന്റെ ബാല്ല്യകാലത്തു നിന്ന് ഞാൻ പഠിച്ച ഒരു കാര്യം എന്താണ്? എന്നെ ഇത് പഠിപ്പിച്ച വ്യക്തി എങ്ങനെയുള്ളതാണ്? എനിക്ക് പഠിക്കുവാൻ അല്ലെങ്കിൽ ഏറ്റവും ഇഷ്ടമുള്ള വിഷയം എന്താണ്? എനിക്ക് പ്രയാസമുള്ള വിഷയം എന്താണ്? എനിക്ക് എളുപ്പമുള്ള വിഷയം ഏതാണ്? എനിക്ക് സുരക്ഷിതത്വം തോന്നാത്ത സ്ഥലം ഏതാണ്? എനിക്ക് സുരക്ഷിതത്വം തോന്നുന്ന സ്ഥലം ഏതാണ്?

കാർഡ് 4: ഞാൻ പാർക്കുന്ന സ്ഥലത്തിനെ പറ്റി ഇഷ്ടമുള്ളകാര്യം എന്താണ്? ഞാൻ പാർക്കുന്ന സ്ഥലത്തിനെ പറ്റി ഇഷ്ടമില്ലാത്ത കാര്യം എന്താണ്? ഞാൻ പാർക്കുന്ന ഇടത്തിലെ മുതിർന്നവർ എന്താണ് ചെയ്യുന്നത്? മുതിർന്നവർ എന്നെ എങ്ങനെയാണ് സഹായിക്കുന്നത്?

**പടി 3:** കാർഡിൽ വിവരങ്ങൾ എല്ലാം എഴുതിയതിന് ശേഷം അത് നിങ്ങൾക്ക് നൽകണം. അത് നാല് വ്യത്യസ്ത കൂട്ടങ്ങളായി വയ്ക്കുക.

**പടി 4:** അവരുടേത് അല്ലാത്ത് നാല് കൂട്ട കാർഡ് ഓരോരുത്തർക്ക് നൽകുക. അവരുടെ പേരുകൾ രഹസ്യമായി വയ്ക്കുക, ആരുടെ കാർഡുകളാണ് നൽകിയത് എന്ന് അറിയിക്കാതിരിക്കുക.

**പടി 5:** ഒരോരുത്തരായി അവർക്ക് ലഭിച്ച ഈ നാല് കാർഡുകളിലെ വിവരങ്ങൾ പങ്കു വയ്ക്കുക.

## കൂട്ട ചർച്ച

ഓരോ കാർഡുകളുടെ ഫലങ്ങൾ ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

ഓരോരുത്തർക്കും അവരെ പറ്റിയും അവരുടെ സാഹചര്യങ്ങളെ പറ്റിയും ഉള്ള വിചാരങ്ങൾ തമ്മിലുള്ള ബന്ധം **എന്താണ്**?

ഓരോരുത്തരും തമ്മിലുള്ള വ്യത്യാസം **എന്താണ്**?

**ഉല്പത്തി 29:31-35** വായിക്കുക

## കൂട്ട ചർച്ച

ലേയയെയും ദൈവത്തെയും പറ്റി നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

**വാക്യം 31** ലേയയെ പറ്റി ദൈവം എന്താണ് അറിഞ്ഞത്?

**വാക്യം 32** ഒരു ആൺ പൈതൽ ഉണ്ടാകുന്നതു മൂലം എന്തു സംഭവിക്കും എന്നാണ് ലേയ ആശിച്ചത്?

**വാക്യം 33** ലേയയ്ക്ക് ആൺമക്കൾ ഉണ്ടായതു കൊണ്ട് അവളുടെ ഭർത്താവ് അവളെ സ്നേഹിച്ചുവോ?

**വാക്യം 34** മൂന്ന് ആൺമക്കൾ ഉണ്ടായതിന് ശേഷം അവളുടെ ഭർത്താവ് അവളെ സ്നേഹിച്ചുവോ?

**വാക്യം 35** നാല് ആൺമക്കൾ ഉണ്ടായതിന് ശേഷം ലേയ എന്താണ് പറഞ്ഞത്?

സ്നേഹിക്കപ്പെടേണ്ടതും സ്വീകരിക്കപ്പെടേണ്ടതുമായ നമ്മുടെ ആവശ്യം ദൈവം കാണുന്നു. ദൈവം ലേയയെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്താൻ ഒരു ആൺകുഞ്ഞിന് വേണ്ടിയുള്ള അവളുടെ ആഗ്രഹം ദൈവം നിറവേറ്റി. ദൈവത്തിന്റെ പദ്ധതിയിൽ അവൾക്കും സ്ഥാനമുണ്ടായിരുന്നു. പുരാതന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഒന്നിൽ നിന്ന് അതായത് അവളുടെ നാലാമത്തെ ആൺകുട്ടിയിലൂടെ ഗോത്രത്തിൽ നിന്ന് ദൈവം, യേശു മാംസവും രക്തവും ആകേണ്ടതിന് വന്നു.

നാം ദൈവത്താൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്നും, അവൻ നമ്മെ എങ്ങനെയാണ് സ്വീകരിക്കുന്നതെന്നും, അവന്റെ കണ്ണിൽ നമ്മൾ എത്ര സൗന്ദര്യമുള്ളവരെന്നും, അവന്റെ പദ്ധതിയുടെ ഭാഗമാകേണ്ടതിന് ലോക സൃഷ്ടിക്ക് മുമ്പെ അവൻ നമ്മെ തിരഞ്ഞെടുത്തുവെന്നും അറിയുമ്പോൾ, നാം മറ്റുള്ളവരുടെ സ്നേഹമോ അംഗീകാരമോ മേലിൽ തേടാതവണ്ണം സ്വതന്ത്രരാകുന്നു. അവന്റെ സ്നേഹവും അംഗീകാരവും നമുക്ക് മതി എന്ന യാഥാർത്ഥ്യം മനസ്സിലാക്കി നാം ജീവിക്കുന്നു.

നാം ഉള്ളതു പോലെ നമ്മെ അംഗീകരിക്കുന്നു എന്ന് അറിയുമ്പോൾ **എന്ത്** ചെയ്യുവാനും ശക്തിപ്പെടുന്നു? **റോമർ 15:7** വായിക്കുക

ഈ സെഷനിൽ ദൈവത്തെ കുറിച്ച് പഠിച്ച ഒരു കാര്യം **എന്താണ്**? **പ്രവർത്തികൾ 10:34** വായിക്കുക

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തികവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 10: വ്യക്തിത്വം – ആത്മാവിൽ ജനിച്ചു

*ദൈവം: മാംസത്തിൽ നിന്നും രക്തത്തിൽ നിന്നും ജനിച്ച ആത്മാവ്, മാംസവും രക്തവും കൊണ്ട് ജനിച്ച എല്ലാവർക്കും മാംസരക്തയാഗമാകാൻ വന്നു, അവൻ മൂലം മാംസവും രക്തവുമായ എല്ലാവർക്കും ആത്മാവിൽ നിന്ന് ജനിക്കാം.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ഞാൻ ആത്മാവിൽ നിന്ന് ജനിച്ച ദൈവ പൈതൽ എന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം

നമ്മൾ പഠിച്ചതുപോലെ, യേശുവിന്റെ ജഡരക്ത യാഗം സ്വീകരിക്കുന്ന എല്ലാ വിശ്വാസികളും പരിശുദ്ധാത്മാവിനെ അതായത് ദൈവത്തിന്റെ ആത്മാവിനെ ഉള്ളിൽ സ്വീകരിക്കുന്നു. തിന്മയാൽ തകർന്ന ലോകത്ത്, ദൈവമക്കളായ നാം രാജകീയ രക്തത്തിന്റെ ആദ്യജാതനായ യേശുവിനോടൊപ്പം കൂട്ടവകാശികളും, ഈ ഭൂമിയിൽ ദൈവരാജ്യത്തിൽ ജീവിക്കുന്നു എന്നതുമാണ് ഇപ്പോൾ നമ്മുടെ അവകാശം.

ദൈവം നമ്മളിലൊരാളാകാൻ തന്നെത്താൻ തിരഞ്ഞെടുത്തു, കാരണം അവൻ നമ്മെ സ്നേഹിക്കുന്നു. ചരിത്രത്തിലെ ആ നിമിഷത്തിൽ, യേശു, പരിശുദ്ധാത്മാവിന്റെ വിത്തായി മാംസവും രക്തവും ആയി ഒരു സ്ത്രീയിൽ നിന്ന് ജനിച്ചു. ഇതു മൂലം മാംസത്തിലും രക്തത്തിലും ജനിച്ച നാം യേശുവിന്റെ തികഞ്ഞ നിത്യശരീര രക്തയാഗം വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ആത്മാവിൽ നിന്ന് ജനിക്കുന്നു.

**യോഹന്നാൻ 1:12-13** വായിക്കുക

ദൈവത്തിന്റെ കഥ, അവന്റെ യഥാർത്ഥ കഥയായ ബൈബിളിൽ നിന്ന് ജഡത്തിലും രക്തത്തിലും നിന്നും ജനിച്ച മനുഷ്യൻ ആത്മാവിൽ ജനിക്കേണ്ട ആവശ്യകതയെ കുറിച്ച് നമുക്ക് പഠിക്കാം.

**1 കൊരിന്ത്യർ 15:47-51** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചന ഭാഗത്തിലൂടെ ആദ്യ മനുഷ്യനെയും (ജഡത്തിലും രക്തത്തിലും ജനിച്ചവൻ), രണ്ടാമത്തെ മനുഷ്യനെയും (ജഡവും രക്തവുമായി അവതരിച്ച യേശു) പറ്റി നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

ആദ്യ മനുഷ്യൻ **എന്ത്** ഒന്നിനാൽ സൃഷ്ടിക്കപ്പെട്ടു?

---

യേശുവിന്റെ ജഡരക്ത യാഗം സ്വീകരിക്കുന്നതിന് മുമ്പ് നമുക്ക് **ആരുടെ** സ്വരൂപമാണുള്ളത്?

---

യേശുവിന്റെ ജഡരക്ത യാഗം സ്വീകരിച്ചതിനു ശേഷം നമുക്ക് **ആരുടെ** സ്വരൂപമാണുള്ളത്?

---

ഇതാണ് ഇപ്പോൾ നമ്മുടെ അവകാശം. തിന്മയാൽ തകർന്ന ലോകത്ത്, ആത്മാവിനാൽ ജഡവും രക്തവുമായ യേശുവിന്റെ സ്വരൂപം, ദൈവമക്കൾ, രാജകീയ രക്തത്തിന്റെ ആദ്യജാതനായ യേശുവിനോടൊപ്പം കൂട്ടവകാശികൾ, ഈ ഭൂമിയിൽ ദൈവരാജ്യത്തിൽ ജീവിക്കുന്നു എന്നിവയെല്ലാമാണ് ഇപ്പോൾ നമ്മുടെ അവകാശം.

**1 കൊരിന്ത്യർ 15:50-55** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

ഈ വചനഭാഗത്തു നിന്ന് പൊടിയിൽ നിന്ന് സൃഷ്ടിച്ച മനുഷ്യൻ, ജഡവും രക്തവുമായി ഭൂമിയിൽ വന്ന ആത്മാവാം യേശു തമ്മിലുള്ള വ്യത്യാസങ്ങളെ നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. നിങ്ങളുടെ ഉത്തരങ്ങൾ എഴുതുക.

ജഡത്തിലും രക്തത്തിലും ജനിച്ച മനുഷ്യന്റെ സ്വഭാവവും വ്യക്തിത്വവും **എന്താണ്**?

________________________________________

________________________________________

യേശുവിന്റെ സ്വഭാവവും വ്യക്തിത്വവും **എന്താണ്**?

________________________________________

ആദ്യ മനുഷ്യൻ നശിച്ച ഒരു വിത്തായും, ദുഷ്ടന്റെ വഞ്ചനയിലും നന്മ തിന്മകളെ കുറിച്ചുള്ള അറിവ് സഹിക്കുകയും അതിൽ പങ്ക് ചേരുകയും ചെയ്തു. തൽഫലമായി, എല്ലാ ആളുകളും നശിച്ച ഈ സ്വഭാവത്തോട് കൂടെ ജനിക്കുന്നു. രണ്ടാമത്തെ മനുഷ്യനായ യേശു, പരിശുദ്ധാത്മാവിന്റെ വിത്തിലൂടെ ഒരു സ്ത്രീയിൽ നിന്ന്, ഒരിക്കലും നശിക്കാത്ത ഒരു വിത്തായി മാംസവും രക്തവുമായി ജനിച്ചു. യേശു തികഞ്ഞ ജഡരക്തയാഗമാണ്.

**റോമർ 5:14-19** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

പൊടിയിൽ നിന്ന് ഉണ്ടാക്കിയ മനുഷ്യന്റെയും (ജഡത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചത്) ആത്മാവായ യേശുവിന്റെയും (ജഡവും രക്തവുമായത്) ഫലം ഈ വചനഭാഗത്തു നിന്ന് ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

ആദ്യ മനുഷ്യന്റെ തെറ്റിന്റെ പരിണിത ഫലം **എന്താണ്**?

**വാക്യം 16** ____________________________________

**വാക്യം 17** ____________________________________

തന്നെ സ്വീകരിക്കുന്നവർക്ക് രണ്ടാമത്തെ മനുഷ്യൻ തന്നെതന്നെ ദാനമായി നൽകുന്നതിന്റെ പരിണിതഫലം **എന്താണ്**?

**വാക്യം 18** ____________________________________

**വാക്യം 19** ____________________________________

**കൊലൊസ്സ്യർ 2:13-15** വായിക്കുക

ആദ്യ മനുഷ്യന്റെ തെറ്റിന്റെ പരിണിതഫലം **എന്താണ്**?

**വാക്യം 13** ____________________________________

________________________________________

തന്നെ സ്വീകരിക്കുന്നവർക്ക് രണ്ടാമത്തെ മനുഷ്യൻ തന്നെതന്നെ ദാനമായി നൽകുന്നതിന്റെ പരിണിതഫലം **എന്താണ്**?

**വാക്യം 13** ____________________

____________________

**വാക്യം 14** ____________________

**വാക്യം 15** ____________________

____________________

ഇതാണ് ഇപ്പോൾ നമ്മുടെ അവകാശം. മരണ ശിക്ഷ, ന്യായവിധി, കുറ്റബോധം എന്നിവയിൽ നിന്ന് സ്വതന്ത്രർ ആകുകയും യേശുവിന്റെ വാഴ്ചയുടെയും അധികാരത്തിന്റെയും വിരോധമായി നിൽക്കുന്ന നമ്മുടെ ജഡം, എല്ലാ ദുഷ്ടാത്മാക്കൾ, എല്ലാ ശക്തികൾ എന്നിവയുടെ മേൽ വാഴുകയും ദൈവവുമായി നിരപ്പിക്കുകയും ചെയ്യുന്നു. സാത്താനും, ദുഷ്ടാത്മാക്കൾക്കും ഇനി ഒരു നാളും നമ്മെ ശിക്ഷ വിധിക്കുവാൻ കഴിയുകയില്ല കാരണം യേശുവിന്റെ ക്രൂശിലെ ജയം മൂലം പിശാചിനെയും അവന്റെ സൈന്യത്തെയും ആയുധം വെപ്പിച്ചു.

നമ്മൾ ദുഷ്ടതയാൽ നശിപ്പിക്കപ്പെട്ട ഈ ലോകത്തിൽ യേശുവിന്റെ ജയം മൂലം ജീവിപ്പിക്കപ്പെട്ടും ആത്മാവിനാൽ ജനിച്ച ജഡവും രക്തവുമാണ്.

നമുക്ക് ഭാവിയിലും അവകാശവുമുണ്ട്.

**1 കൊരിന്ത്യർ 15:20-23** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

പൊടിയിൽ നിന്ന് ഉണ്ടാക്കിയ മനുഷ്യന്റെയും (ജഡത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചത്) ആത്മാവായ യേശുവിന്റെയും (ജഡവും രക്തവുമായത്) ഫലം ഈ വചനഭാഗത്തു നിന്ന് ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

**ആരാണ്** മരണത്തിൽ നിന്ന് ഉയർത്തത്?

____________________

യേശു മഹത്വത്തിൽ ഈ ലോകത്തിലേക്ക് മടങ്ങി വരുമ്പോൾ ഒരിക്കലും പ്രായം ചെല്ലാത്ത, രോഗം വരാത്ത, ക്ഷീണിച്ച് പോകാത്ത പൂർണ്ണ ശരീരം കൊണ്ട് **ആരാണ്** മരിച്ചവരിൽ നിന്ന് ഉയർക്കുന്നത്?

____________________

____________________

**വെളിപ്പാട് 1:18** വായിക്കുക

ആത്മാവിനാൽ പൂർണ്ണ ജഡരക്ത യാഗമായി, മരിച്ച്, പൂർണ്ണ ശരീരത്തിൽ ഉയിർത്ത്, സ്വർഗ്ഗത്തിലേക്ക് കയറി, എന്നെന്നേക്കുമായി ജീവിക്കുകയും, മരണത്തിന്മേലും നിത്യതയുടെ മേലും അധികാരമുള്ളത് **ആരാണ്**?

____________________

**വെളിപ്പാട് 1:5-6** വായിക്കുക

വിശ്വസ്ത സാക്ഷിയും, ആദ്യം പുനരുത്ഥാനം പ്രാപിച്ച ശരീരവും, ഏറ്റവും ബലമുള്ള ശക്തിയും, എല്ലാറ്റിന്മേലും അധികാരമുള്ളതും **ആരാണ്**?

____________________

**എന്തു** കൊണ്ടാണ് യേശു നമുക്ക് വേണ്ടി ഇത് ചെയ്തത്?

---

യേശുവിന്റെ സൗജന്യ ദാനമായ ജഡരക്ത യാഗം നാം വിശ്വസിക്കുകയും, സ്വീകരിക്കുകയും ചെയ്യുമ്പോൾ നാം ദൈവ മക്കളാകുകയും, ആത്മാവിൽ ജനിക്കുകയും അത് കൂടാതെ നാം **എന്താണ്** ആകുന്നത്?

---

---

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആദ്യത്തെ ഭൗതിക പൂർണമായ പുനരുത്ഥാനമായിരുന്നു, അതിനാൽ തിന്മയാൽ നശിച്ച ഒരു ലോകത്തിൽ നമുക്ക് ഇപ്പോൾ വിജയത്തിൽ ജീവിക്കുക എന്ന് മാത്രമല്ല, നമ്മുടെ നിത്യ അവസ്ഥയുടെ ഭാവി പ്രതീക്ഷയിൽ അതായത്, ഒരിക്കലും പ്രായമാകാത്ത, ഒരിക്കലും ക്ഷീണിക്കാത്ത തികഞ്ഞ ഉയിർത്തെഴുന്നേറ്റ ശരീരങ്ങളാൽ, ഒരിക്കലും മരിക്കാതെ, തിന്മയാൽ കേടുപാടുകൾ സംഭവിക്കാത്ത പുതുതാക്കപ്പെട്ട ലോകത്ത് ജീവിക്കുവാൻ കഴിയും. യേശു ഭൂമിയിലേക്ക് തിരിച്ചെത്തുമ്പോൾ, യേശുവിന്റെ സൗജന്യ ദാനമായ അവന്റെ മാംസരക്തയാഗം സ്വീകരിച്ച നമുക്ക് നമ്മുടെ ഉയിർത്തെഴുന്നേറ്റ ശരീരങ്ങളെ അവകാശമാക്കാം.

മാനവരാശിയുടെ പാപത്തിന്റെ ഫലമായി ദൈവത്തിന്റെ സൃഷ്ടി തിന്മയാൽ തകരാറിലായി. അസമത്വവും അടിച്ചമർത്തലും തിന്മയും മരണവും ഭരിച്ചു. ദൈവം വളരെയധികം സ്നേഹിക്കുന്നതിനാൽ, പരിശുദ്ധാത്മാവിന്റെ വിത്തായി ഒരു സ്ത്രീയിൽ നിന്ന് ജനിച്ച് യേശു മാംസവും രക്തവുമാകാൻ തിരഞ്ഞെടുത്തു. അവകാശത്തിന്റെ ആദ്യ പുത്രനായി അവൻ സ്വന്തം സൃഷ്ടിയിലേക്ക് വന്നു. അതിനാൽ നമുക്കെല്ലാവർക്കും ആത്മാവിനാൽ ജഡത്തിലും രക്തത്തിലും ജനിച്ച മക്കളാകാം, ആയതിനാൽ ഇപ്പോഴും, ഭാവിയിലും നാം അവകാശികളാണ്. ഹല്ലേലൂയാ!!

ഈ സെഷനിൽ ദൈവത്തെ പറ്റി പഠിച്ച ഒരു കാര്യം **എന്താണ്**?

---

---

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

---

---

# സെഷൻ 11: പ്രീയപ്പെട്ടവരിലെ അംഗീകാരം

*രണ്ട് മനുഷ്യ ആവശ്യങ്ങൾ: അംഗീകരിക്കപ്പെടാനുള്ള ആഗ്രഹവും സ്നേഹിക്കപ്പെടാനുള്ള ആഗ്രഹവും.*
*പ്രിയപ്പെട്ടവരിൽ (യേശുവിൽ ഏറ്റവും പ്രിയപ്പെട്ട) ദൈവം നമ്മെ (പ്രത്യേക ബഹുമതിയോടെ) സ്വീകരിച്ചു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ഞാൻ ദൈവത്താൽ സ്നേഹിക്കപ്പെടുകയും ക്രിസ്തുവിൽ ബഹുമാനവും അനുഗ്രഹവും ലഭിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം

നാം പഠിച്ചതു പോലെ തന്നെ യേശുവിന്റെ ജഡരക്ത യാഗം സ്വീകരിക്കുന്ന എല്ലാ വിശ്വാസികൾക്കും ഉള്ളിൽ പരിശുദ്ധാത്മാവ് അതായത് ദൈവാത്മാവ് ലഭിക്കുന്നു. തിന്മയാൽ തകർന്ന ലോകത്ത്, ദൈവത്തിന്റെ മക്കൾ, രാജകീയ രക്തത്തിന്റെ ആദ്യജാതനായ യേശുവിനോടൊപ്പം കൂട്ടവകാശികൾ, ഈഭൂമിയിൽ ദൈവരാജ്യത്തിൽ ജീവിക്കുന്നു എന്നതാണ് ഇപ്പോൾ നമ്മുടെ അവകാശം.

ദൈവം നമ്മളിലൊരാളാകാൻ തിരഞ്ഞെടുത്തു, കാരണം അവൻ നമ്മെ സ്നേഹിക്കുന്നു. ചരിത്രത്തിലെ ആ നിമിഷത്തിൽ, യേശു, പരിശുദ്ധാത്മാവിന്റെ വിത്തായി മാംസവും രക്തവും ആയി ഒരു സ്ത്രീയിൽ നിന്ന് ജനിച്ചു. ഇതു മൂലം മാംസത്തിലും രക്തത്തിലും ജനിച്ച നാം യേശുവിന്റെ തികഞ്ഞ നിത്യശരീര രക്തയാഗം വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ആത്മാവിൽ നിന്ന് ജനിക്കുന്നു.

അവന്റെ കഥയിൽ നിന്ന്, യഥാർത്ഥ പ്രണയ കഥയായ ബൈബിളിൽ നിന്ന് പിതാവിന്റെ സ്നേഹം, അനുഗ്രഹം, ഇച്ഛ (ഹൃദയത്തിലെ ആഗ്രഹം) നിത്യതയ്ക്കായുള്ള രക്ഷ എന്നിവയെ കുറിച്ച് നമുക്ക് പഠിക്കാം.

**എഫെസ്യർ 1:3-14** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

ദൈവം നമുക്ക് വെളിപ്പെടുത്തി തന്ന അവന്റെ ഇഷ്ടവും പദ്ധതിയും **എന്താണ്**?
**വാക്യം 9-10** വായിക്കുക

പിതാവായ ദൈവം നമുക്ക് തന്നതും (കഴിഞ്ഞ കാലങ്ങളിൽ) ഇപ്പോഴും നമ്മുടെ കൈവശമുള്ളതും **എന്താണ്**? **വാക്യം 3** വായിക്കുക

**എവിടെയാണ്** ഈ അനുഗ്രഹം?

ഇതെല്ലാം സ്വീകരിക്കുവാൻ തക്കവണ്ണം നാം **ആരിലാണ്** വസിക്കുന്നത്?

ഇപ്പോൾ, ക്രിസ്തു സ്വർഗ്ഗീയ സ്ഥലങ്ങളിൽ അധികാരസ്ഥാനത്ത് ഇരിക്കുന്നതുപോലെ, നാമും ഇരിക്കുന്നു. ഇപ്പോൾ, ക്രിസ്തുവിനെ പോലെ നമുക്കും എല്ലാ ആത്മീയ അനുഗ്രഹങ്ങളും ഉണ്ട്. ഈ അനുഗ്രഹങ്ങളുടെ ചില വിശദാംശങ്ങൾ അടുത്ത വാക്യങ്ങൾ വിവരിക്കുന്നു.

പിതാവായ ദൈവം (കഴിഞ്ഞ കാലം) നമുക്ക് നൽകിയ ക്രിസ്തുവിൽ (ഇപ്പോഴുള്ള സമയം) നമ്മൾ **ആരാണ്**? ഇത് വ്യക്തിപരമാക്കുക, നിങ്ങളുടെ ഉത്തരത്തിന് മുമ്പായി ഞാൻ എന്ന് എഴുതുക. **വാക്യം 4-6** വായിക്കുക

യേശു ദൈവത്തിന്റെ 'പ്രീയപുത്രനാണ്', പിതാവിന്റെ സ്നേഹത്തിന്റെ അത്യുന്നത സ്ഥാനം. നാമും അവന്റെ സ്നേഹത്തിന്റെ 'പുത്രന്മാർ', അംഗീകരിക്കപ്പെട്ടവരാണ് (ഉള്ളതുപോലെ). നാം ഇപ്പോൾ ജീവിക്കുന്നത്, പിതാവും പുത്രനും തമ്മിലുള്ള തികഞ്ഞ സ്നേഹ ബന്ധത്തിന്റെ ആത്മീയ യാഥാർത്ഥ്യത്തിലാണ്. നാം അവന്റെ ഹൃദയത്തിന്റെ ആഗ്രഹമാണ്.

പിതാവായ ദൈവം (കഴിഞ്ഞ കാലം) നമുക്ക് നൽകിയ ക്രിസ്തുവിൽ (ഇപ്പോഴുള്ള സമയം) നമ്മൾ **ആരാണ്**? ഇത് വ്യക്തിപരമാക്കുക, നിങ്ങളുടെ ഉത്തരത്തിന് മുമ്പായി ഞാൻ എന്ന് എഴുതുക. **വാക്യം 7-8** വായിക്കുക

പിതാവായ ദൈവം (കഴിഞ്ഞ കാലം) നമുക്ക് നൽകിയ ക്രിസ്തുവിൽ (ഇപ്പോഴുള്ള സമയം) നമ്മൾ **ആരാണ്**? ഇത് വ്യക്തിപരമാക്കുക, നിങ്ങളുടെ ഉത്തരത്തിന് മുമ്പായി ഞാൻ എന്ന് എഴുതുക. **വാക്യം 11-12** വായിക്കുക

പിതാവായ ദൈവം (കഴിഞ്ഞ കാലം) നമുക്ക് നൽകിയ ക്രിസ്തുവിൽ (ഇപ്പോഴുള്ള സമയം) നമ്മൾ **ആരാണ്**? ഇത് വ്യക്തിപരമാക്കുക, നിങ്ങളുടെ ഉത്തരത്തിന് മുമ്പായി ഞാൻ എന്ന് എഴുതുക. **വാക്യം 13-14** വായിക്കുക

ഇപ്പോൾ ഓർക്കുക, ക്രിസ്തു സ്വർഗ്ഗീയ സ്ഥലങ്ങളിൽ അധികാരസ്ഥാനത്ത് ഇരിക്കുന്നതുപോലെ നാമും ഇരിക്കുന്നു. ഇപ്പോൾ, ക്രിസ്തുവിലുള്ള നമുക്ക് എല്ലാ ആത്മീയ അനുഗ്രഹങ്ങളും ഉണ്ട്.

**എഫെസ്യർ 1:21-23** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

യേശുവിന് ഇപ്പോഴും ഭാവിയിലും **എത്രമാത്രം** ശക്തിയും അധികാരവുമുണ്ട്? **വാക്യം 21** വായിക്കുക

______________________________

______________________________

**ആരാണ്** യേശുവിന്റെ പൂർണ്ണത? **വാക്യം 23** വായിക്കുക

______________________________

യേശുവിന്റെ ജഡരക്തയാഗം അംഗീകരിച്ച എല്ലാ വിശ്വാസികളുടെ പൂർണ്ണത **ആരാണ്**?

______________________________

**എഫെസ്യർ 2:4-9** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

ഇപ്പോൾ നമുക്ക് ക്രിസ്തു യേശുവിൽ **എന്താണ്** ഉള്ളത്? **വാക്യം 5-6** വായിക്കുക

______________________________

______________________________

______________________________

**എന്തുകൊണ്ട്** ദൈവം നമ്മെ ജീവിപ്പിച്ച്, ക്രിസ്തുവിന്റെ ശക്തിയാലും, അധികാരത്താലും സ്വർഗീയ സ്ഥലങ്ങളിൽ ഒരുമിച്ചിരിക്കാൻ നമ്മെ ഉയർത്തിയത്? **വാക്യം 4-8** വായിക്കുക

______________________________

______________________________

______________________________

**എന്തുകൊണ്ട്** രക്ഷ ദൈവത്തിൽ നിന്നുള്ള ദാനമാണ്? **വാക്യം 8-9** വായിക്കുക

______________________________

______________________________

**എഫെസ്യർ 1:15-19** വായിക്കുക

അപ്പൊസ്തൊലനായ പൗലൊസ് വിശുദ്ധന്മാർക്ക് വേണ്ടി **എന്താണ്** പ്രാർത്ഥിച്ചത്?

**വാക്യം 17** ______________________________

**വാക്യം 18** ______________________________

______________________________

______________________________

**വാക്യം 19** ______________________________

ഈ സെഷനിൽ ദൈവത്തെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു കാര്യം **എന്താണ്**?

______________________________

______________________________

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

______________________________



______________________________

# സെഷൻ 12: ബന്ധങ്ങൾ

*സെമിനാർ പ്രതിനിധി: 'പഠിച്ച മുന്തിരിവള്ളി ബന്ധം, യേശുവിൽ നിന്ന് ലഭിക്കുന്ന സമയം, പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങൽ, ഇത് എനിക്ക് ഏറ്റവും പ്രധാനമാണ്.'*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

യേശുവിലുള്ള ഐക്യം അല്ലെങ്കിൽ മുന്തിരിവള്ളിയും ശാഖകളുടെയും യേശുവുമായുള്ള ബന്ധം അല്ലെങ്കിൽ യേശുവിന്റെ സ്നേഹത്തിൽ ജീവിക്കുന്നത് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## കഥ

മുന്തിരിവള്ളിയുടെ ശാഖയാണ് നിങ്ങൾ എന്ന് ചിന്തിക്കുക.

നിങ്ങൾ മുന്തിരിവള്ളിയുടെ പ്രധാനശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു, തോട്ടക്കാരന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടിരിക്കുന്നു.

അവിടെ തൂങ്ങി കിടക്കുക എന്നത് മാത്രമാണ് നിങ്ങൾ ചെയ്യുന്നത്, അതായത് പ്രധാനശാഖയിൽ തൂങ്ങി കിടക്കുന്നു.

ഇപ്പോൾ നിങ്ങൾ പ്രധാന ശാഖയിൽ തൂങ്ങിക്കിടക്കുന്നതിനാൽ, മുന്തിരിവള്ളിയുടെ എല്ലാ നന്മകളും സ്വാഭാവികമായും വേരുകളിൽ നിന്ന്, പ്രധാനശാഖയിലൂടെ നിങ്ങളിലേക്ക് ഒഴുകുന്നു. അതിന്റെ വെള്ളം, പോഷകങ്ങൾ മുതലായവ മുന്തിരിവള്ളിയിൽ നിന്ന് നിങ്ങളിലേക്ക് ഒഴുകുന്നു.

അതിന്റെ നന്മകൾ സ്വീകരിച്ച് കൊണ്ട് അവിടെ തൂങ്ങി കിടക്കുക എന്നത് മാത്രമാണ് നിങ്ങൾ ചെയ്യുന്നത്.

ഒരു ദിവസം നിങ്ങൾക്ക് ഒരു 'ഇക്കിളിപ്പെടുത്തുന്ന' അനുഭവം ഉണ്ടാകുന്നു. നിങ്ങൾ വളർന്നതായി കാണുന്നു.

ചെറിയ ഫലങ്ങൾ ഉണ്ടാകുന്നു. പൊട്ടുന്നു, (സ്നേഹം), പൊട്ടുന്നു, പൊട്ടുന്നു (സന്തോഷം, സമാധാനം) പൊട്ടുന്നു പൊട്ടുന്നു പൊട്ടുന്നു (ദീർഘക്ഷമ, ദയ, പരോപകാരം) പൊട്ടുന്നു പൊട്ടുന്നു പൊട്ടുന്നു (വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം).

സൂര്യൻ അസ്തമിക്കുകയും മഴപെയ്യുകയും ചെയ്യുമ്പോൾ, ഉള്ളിൽ മുന്തിരിവള്ളിയിൽ നിന്നുള്ള ജീവജലങ്ങളുടെയും പോഷകങ്ങളുടെയും ശാന്തമായ ഒഴുക്കുണ്ടാകുന്നു. ഇത് എങ്ങനെ സംഭവിക്കുന്നു? നിങ്ങൾ ഒന്നും ചെയ്യുന്നില്ല!

അതിന്റെ നന്മകൾ സ്വീകരിച്ച് കൊണ്ട് അവിടെ തൂങ്ങി കിടക്കുക എന്നത് മാത്രമാണ് നിങ്ങൾ ചെയ്യുന്നത്.

ഇതാണ് തോട്ടക്കാരന്റെ ഇഷ്ടം.

പ്രകൃതിയിൽ, വെള്ളം ഉയരത്തിൽ നിന്ന് താഴ്ചയിലേക്ക് ഒഴുകുന്നു അതായത് മഴ, നദികൾ, കുളങ്ങൾ തുടങ്ങിയവ. ഒരു മുന്തിരിവള്ളിക്ക് ജീവിക്കാൻ വെള്ളം ആവശ്യമാണ്. വെള്ളമില്ലാതെ അത് മരിക്കും. ഒരു ശാഖയ്ക്ക് വെള്ളം ലഭിക്കണമെങ്കിൽ അത് പ്രധാന തണ്ടിൽ നിന്ന് കുടിക്കണം - പ്രധാന തണ്ടിൽ നിന്ന് സ്വീകരിക്കണം. ജീവിക്കാനും ഫലം കായ്ക്കാനും ശാഖ വെള്ളം കുടിക്കണം.

*സ്വഭാവികമായി ഉള്ളതു പോലെ ആത്മീയതയിലും ദൈവം എല്ലാം അങ്ങനെ സൃഷ്ടിച്ചു*

ആത്മീയതയിൽ, ജീവനുള്ള ജലം ദൈവത്തിന്റെ സിംഹാസനത്തിൽ നിന്ന് യേശുവിലൂടെ ശാഖകളിലേക്ക് ഉയരത്തിൽ നിന്ന് താഴേക്ക് ഒഴുകുന്നു. ശാഖകൾ മഴയിൽ നിന്ന് നേരിട്ട് കുടിക്കുന്നില്ല - ആ വെള്ളം മണ്ണിലേക്ക് പോകുന്നു, ശാഖകൾ യഥാർത്ഥത്തിൽ പ്രധാന തണ്ടിൽ നിന്ന് കുടിക്കുന്നു, മുന്തിരിവള്ളിയുടെ എല്ലാ ഗുണങ്ങളും വേരിൽ നിന്നും പ്രധാന തണ്ടിൽ നിന്നും സ്വീകരിക്കുന്നു.

**യോഹന്നാൻ 15:1-8** വായിക്കുക

ഈ വചനഭാഗം ധ്യാനിക്കുകയും വിവിധ തവണ വായിക്കുകയും ചെയ്യുക.

## കൂട്ട ചർച്ച

നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

**ആരാണ്** തോട്ടക്കാരൻ?

______________________________

**ആരാണ്** മുന്തിരി വള്ളിയുടെ പ്രധാന ശാഖ?

______________________________

**ആരാണ്** പ്രധാന മുന്തിരി വള്ളിയുടെ ശാഖകൾ?

______________________________

**എന്താണ്** വസിക്കുക എന്നതിന്റെ അർത്ഥം?


______________________________

______________________________

______________________________

______________________________

______________________________



**എങ്ങനെ** എനിക്ക് വസിക്കാം?

______________________________

സാധാരണയായി ജീവിച്ച് ഫലം കായ്ക്കേണ്ടതിന് ശാഖയും പോഷകാഹാരം കഴിക്കണം.

**യോഹന്നാൻ 4:34** വായിക്കുക

## സന്ദർഭം

ഈ വചനത്തിൽ യേശു ഒരു പുറജാതിക്കാരിയായ ഒരു സ്ത്രീയോട് സംസാരിക്കുന്നു. പുരാതന ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഒന്നിലൂടെയാണ് യേശു ജനിച്ചത്. ആ സമയത്ത്, പുരാതന ഇസ്രായേലിൽ നിന്നുള്ള ഒരു വ്യക്തി ശമര്യയിൽ നിന്നുള്ള ഒരു വ്യക്തിയോട് സംസാരിച്ചിരുന്നില്ല, പ്രത്യേകിച്ച് സ്വന്തം ജനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ട ഒരു സ്ത്രീ, എന്നാൽ യേശു (മാംസത്തിലും രക്തത്തിലും വന്നവൻ) ഈ പുറത്താക്കപ്പെട്ട സ്ത്രീയുടെ അടുത്തെത്തി, അവളോട് ജീവനുള്ള വെള്ളത്തിനെ(ദൈവത്തിന്റെ ആത്മാവ്, പരിശുദ്ധാത്മാവ്), പറ്റി സംസാരിച്ചു, ഈ ജീവനുള്ള ജലത്തിന്റെ ഉറവിടം ആരാണെന്ന് അവൻ അവൾക്ക് വെളിപ്പെടുത്തി. യേശുവിന്റെ ശിഷ്യന്മാർ മടങ്ങിയെത്തിയപ്പോൾ യേശുവിന്റെ ഭക്ഷണം എന്താണെന്നും കൊയ്ത്തിനെക്കുറിച്ചും അവരെ പഠിപ്പിക്കുന്നു.

പുറജാതിക്കാരിയായ സ്ത്രീയെ സമീപിച്ച്, അവൻ ആരാണെന്ന് വെളിപ്പെടുത്തുകയും, തന്നെ അറിയാത്തവരെ കൊയ്തെടുക്കുന്നതിനെ കുറിച്ച് സംസാരിക്കുകയും ചെയ്യുന്നതിനിടയിൽ, യേശു തന്റെ ഭക്ഷണം എന്താണെന്ന് വെളിപ്പെടുത്തി.

തന്നെ നിലനിർത്തുന്ന ആഹാരം **എന്താണെന്നാണ്** യേശു പറഞ്ഞത്?

---

***സ്വഭാവികമായി ഉള്ളതുപ്പോലെ ആത്മീയതയിലും ദൈവം എല്ലാം അങ്ങനെ സൃഷ്ടിച്ചു.***

ആത്മീയമായി നാം നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങുമ്പോൾ, അവന്റെ സാന്നിധ്യത്തിൽ, ആരാധനയിൽ, അവന്റെ വചനത്തിൽ, അവനിൽ നിന്ന് അവന്റെ എല്ലാ നന്മകളും സ്വീകരിച്ചുകൊണ്ട് അവനോടൊപ്പം സമയം ചെലവഴിക്കുമ്പോൾ, അവന്റെ ആത്മാവിനാൽ നാം കൂടുതൽ കൂടുതൽ രൂപാന്തരപ്പെടും.

പിതാവായ ദൈവ ഹിതത്തിന് സമർപ്പിച്ച് യേശുവിൽ നിന്ന് നാം **എപ്പോൾ** സ്വീകരിക്കുമോ അപ്പോൾ ആരുടെ പ്രതിച്ഛായയിലേക്കാണ് നാം രൂപാന്തരപ്പെടുന്നത്?
**2 കൊരിന്ത്യർ 3:17-18** വായിക്കുക

---

പിതാവിന്റെ ഇഷ്ടത്തിനു സമർപ്പിച്ച് ജീവ ജല നദിയിൽ നിന്ന് കുടിച്ചാൽ **എന്ത്** സംഭവിക്കും എന്നാണ് യേശു പ്രഖ്യാപിച്ചത്?

---

**യോഹന്നാൻ 15:8** വായിക്കുക

ഫലം ഉറപ്പാണ്. *സ്വഭാവികമായി ഉള്ളതുപ്പോലെ ആത്മീയതയിലും ദൈവം എല്ലാം അങ്ങനെ തന്നെ സൃഷ്ടിച്ചു.*

നാം നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങുകയും അവന്റെ സാന്നിധ്യത്തിൽ ദിവസവും കുടിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് നമ്മെ കൂടുതൽ ക്രിസ്തുവിനെ പ്പോലെ ആകുവാൻ രൂപാന്തരപ്പെടുത്തും. അവന്റെ സ്വഭാവം നമ്മുടെ സ്വഭാവമായി മാറും. യേശു എന്ന വൃക്ഷം യേശുവിന്റെ ഫലം- ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നു.

പിതാവായ ദൈവത്തിന്റെ ഹിതത്തിനു കീഴടങ്ങുമ്പോൾ യേശുവിൽ നിന്ന് നമുക്ക് ലഭിക്കുന്ന ആത്മീയഫലവും ദൈവിക സ്വഭാവവും അല്ലെങ്കിൽ സവിശേഷതകളും **എന്താണ്**?
**ഗലാത്യർ 5:22-23** വായിക്കുക

---

---

**ആരാണ്** ഫലം പുറപ്പെടുവിക്കുന്നത്?

---

അവന്റെ സാന്നിധ്യത്തിൽ, നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങുമ്പോൾ ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്ന ഒരു വെളിപ്പാട് ഉണ്ടാകുന്നു, **അപ്പോൾ** അവൻ തന്നെ കുറിച്ച് കൂടുതൽ നമുക്ക് വെളിപ്പെടുത്തുകയും അതായത് അവന്റെ ഇഷ്ടത്തിൽ, നാം ദൈവത്തിന്റെ പൂർണ്ണതയിൽ നിറയുകയും ചെയ്യും. ഓരോ ദിവസവും നാം യേശുവിൽ നിന്ന് സ്വീകരിച്ച്, നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങി, അവന്റെ സാന്നിധ്യത്തിൽ ആയിരിക്കുമ്പോൾ, അവൻ നമ്മെ രൂപാന്തരപ്പെടുത്തും കാരണം ഇത് അവന്റെ ഇഷ്ടമാണ്.

ഈ സെഷനിൽ ദൈവത്തെ പറ്റി പഠിച്ച ഒരു കാര്യം **എന്താണ്**?

---

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തികവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

---

---

# സെഷൻ 13: ബന്ധങ്ങൾ – മറ്റുള്ളവരെ ഉള്ളതു പോലെ അംഗീകരിക്കുക

*അനുരഞ്ജനം ചെയ്യിപ്പിക്കൽ (ഉടമ്പടിയിൽ കൊണ്ടുവരിക). പുനഃസ്ഥാപിക്കൽ (ആരോഗ്യവും, സുസ്ഥിരതയും, ഊർജസ്വലതയും ആയ ഒരു അവസ്ഥയിലേക്ക് വരിക). പുതുക്കൽ (പുനരുജ്ജീവിപ്പിക്കുകയും ഫലപ്രദമാക്കുകയും ചെയ്യുക).*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവ സ്നേഹവും അവന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തിയും പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## പത്ത് വിത്തുകൾ – കൂട്ട പരിശ്രമം

നമ്മൾ പഠിച്ചതു പോലെ, നമുക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ബന്ധം ദൈവവുമായുള്ളതാണ്. നാം നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് കീഴടങ്ങുകയും അവന്റെ എല്ലാ നന്മകളും സ്വീകരിച്ച് അവനോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്താൽ, ഓരോ ദിവസവും ദൈവം നമ്മെ യേശുവിന്റെ സ്വഭാവമാക്കി മാറ്റും.

നമ്മുടെ വികാരങ്ങൾ, നമുക്ക് എങ്ങനെ തോന്നുന്നു, മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറുന്നു, മറ്റുള്ളവരോട് നാം എങ്ങനെ പെരുമാറുന്നു എന്നിവയെക്കുറിച്ച് ദൈവം ശ്രദ്ധിക്കുന്നു.

## കൂട്ട പരിശ്രമം

എല്ലാവരും പരസ്പരം കാണത്തക്കവണ്ണം വട്ടത്തിൽ ഇരിക്കണം. വട്ടത്തിനു നടുവിൽ 10 വിത്തുകളുടെ വർക്ക്ഷീറ്റ് (ദൈവരാജ്യം പഠന വർക്ക് ബുക്കിന്റെ 45 ആം പേജിന്റെ പകർപ്പ് ഉണ്ടാക്കുക) എല്ലാവർക്കും കാണത്തക്കവണ്ണം വയ്ക്കുക. വർക്ക്ഷീറ്റിന് അരികിൽ 10 നെല്ല് അല്ലെങ്കിൽ പരിപ്പ് അല്ലെങ്കിൽ ലഭ്യമായ മറ്റേതെങ്കിലും വിത്ത് വയ്ക്കുക. വട്ടത്തിലെ ആളുകളുടെ എണ്ണം നിങ്ങളുടെ കൂട്ടത്തിന്റെ എണ്ണമാണ്. ഇത് മൂന്ന് മുതൽ 12 വരെയുള്ള ആളുകൾ ആകാം. 12ൽ കൂടുതലാണെങ്കിൽ രണ്ട് കൂട്ടമാക്കുക. 24 പേരിൽ കൂടുതലാണെങ്കിൽ മൂന്ന് കൂട്ടമാക്കുക. ഓരോകൂട്ടത്തിനും 10 വിത്തുകളും 10 വിത്തുകളുടെ വർക്ക്ഷീറ്റും കൂട്ടത്തിന്റെ മധ്യത്തിൽ വയ്ക്കുക.

ഓരോ വ്യക്തിക്കും - ഓരോരുത്തരായി - കൂട്ടത്തിനോട് സംസാരിക്കാൻ അവസരം നൽകുന്നു. ഓരോരുത്തർക്കും തുല്യ ശബ്ദമുണ്ട്. ഓരോ വ്യക്തിക്കും തുല്യ പ്രാധാന്യമുണ്ട്. ഓരോ വ്യക്തിയും കൂട്ടത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ഓരോ വ്യക്തിയും അവരുടെ സമൂഹം അവരെ കാണുന്ന രീതിയെന്ന് വിശ്വസിക്കുന്ന വർക്ക്ഷീറ്റിലെ വരി അവരുടെ ഗ്രൂപ്പുമായി പങ്കിടുന്നു. ഒന്നുകിൽ അവരുടെ സമൂഹം അവർക്ക് ഒരു വിലയും നൽകുന്നില്ല, അല്ലെങ്കിൽ, അവരുടെ സമൂഹം അവർക്ക് കുറച്ച് മൂല്യമുള്ളതായി കാണുന്നു, അല്ലെങ്കിൽ അവരുടെ സമൂഹം അവർക്ക് വലിയ മൂല്യമുള്ളതായി കാണുന്നു.

സമൂഹം അവരെ എങ്ങനെ കാണുന്നു എന്നതിൽ ഒരു വ്യക്തിക്ക് നാണക്കേടില്ലെന്ന് എല്ലാവരും മനസ്സിലാക്കേണ്ടത് പ്രധാനമാണ്. സമൂഹം ഒരു വ്യക്തിയെ എങ്ങനെ കാണുന്നു എന്നത് പല കാര്യങ്ങളുടെയും പരിണിതഫലമാണ്, അവയിൽ മിക്കതും ആ വ്യക്തികളുടെ നിയന്ത്രണത്തിന് പുറത്താണ്. ശരിയായ ഉത്തരം ഇതാണ്: നിങ്ങൾ എന്തു വിശ്വസിക്കുന്നുവോ അങ്ങനെ തന്നെ സമൂഹം നിങ്ങളെ കാണുന്നു.

ഓരോ വ്യക്തിയും, ഏത് നിരയാണ്, അതായത് സമൂഹം അവരെ എങ്ങനെ കാണുന്നുവെന്ന് അവർ വിശ്വസിക്കുന്നു (മൂല്ല്യം ഇല്ല അല്ലെങ്കിൽ കുറച്ചു മൂല്യങ്ങൾ അല്ലെങ്കിൽ വലിയ മൂല്യങ്ങൾ) എന്ന് പങ്കിട്ടു കഴിഞ്ഞാൽ, തിരഞ്ഞെടുത്ത നിരയിൽ 10 വിത്തുകൾ സ്ഥാപിച്ച് കൂട്ടത്തിലെ എല്ലാവരും അവരുടെ കൂട്ടത്തിന്റെ കണ്ടെത്തലുകളെ എങ്ങനെ പ്രതിനിധീകരിക്കാമെന്ന് ചർച്ച ചെയ്യുന്നു. എല്ലാ 10 വിത്തുകളും ഉപയോഗിക്കണം. 10 വിത്തുകൾ കൂട്ടത്തെ മൊത്തത്തിൽ പ്രതിനിധീകരിക്കുന്നു.

ഉദാഹരണം 1: 8 പേരുടെ ഒരു ഗ്രൂപ്പിൽ, 5 ആളുകളും, സമൂഹം തങ്ങളെ ഒരു മൂല്യവുമില്ലാതെ കാണുന്നുവെന്നും, 2 ആളുകൾ സമൂഹം തങ്ങളെ കുറച്ച് മൂല്യമുള്ളതായി കാണുന്നുവെന്നും, 1 ആൾ സമൂഹം തങ്ങളെ വലിയ മൂല്യമുള്ളതായി കാണുന്നുവെന്നും വിശ്വസിക്കുന്നുവെങ്കിൽ, 10 വിത്തുകളിൽ 5 വിത്തുകൾ മൂല്യമില്ലാത്ത നിരയിലും 2 വിത്തുകൾ കുറച്ചു മൂല്ല്യമുള്ള നിരയിലും 1 വിത്തു വലിയ മൂല്യമുള്ളതായി കാണുന്ന നിരയിലും സ്ഥാപിക്കുക.

ഉദാഹരണം 2: 6 പേരുടെ ഒരു കൂട്ടത്തിൽ, 3 ആളുകളും, സമൂഹം തങ്ങളെ ഒരു മൂല്യവുമില്ലാതെ കാണുന്നുവെന്നും, 3 ആളുകൾ സമൂഹം തങ്ങളെ കുറച്ച് മൂല്യമുള്ളതായി കാണുന്നുവെന്നും, 0 ആൾ സമൂഹം തങ്ങളെ വലിയ മൂല്യമുള്ളതായി കാണുന്നു വെന്നും വിശ്വസിക്കുന്നുവെങ്കിൽ, 10 വിത്തുകളിൽ 5 വിത്തുകൾ മൂല്യമില്ലാത്തനിരയിലും 5 വിത്തുകൾ കുറച്ചു മൂല്ല്യമുള്ള നിരയിലും 0 വിത്തു വലിയമൂല്യമുള്ളതായികാണുന്ന നിരയിലും സ്ഥാപിച്ചിരിക്കുക.

## കൂട്ട ചർച്ച

നിങ്ങൾ ശ്രദ്ധിച്ചത് ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

സമൂഹത്തിൽ അവർക്ക് വില ഇല്ല അല്ലെങ്കിൽ അല്പം മാത്രമേ ഉള്ളു എന്ന് കരുതുന്നവരെ സമൂഹം അവരെ മൂല്ല്യമേറിയവരായി കാണുന്നു എന്ന് വിശ്വസിക്കുവാൻ **എങ്ങനെ** പ്രചോദിപ്പിക്കാം?

1. ______________________________
______________________________
2. ______________________________
______________________________
3. ______________________________
______________________________
4. ______________________________
______________________________
5. ______________________________
______________________________
6. ______________________________
______________________________

## വചനപഠനം

**ലൂക്കോസ് 8:43-45** വായിക്കുക

## സന്ദർഭം

ഈ വചനഭാഗത്ത് പുറജാതിക്കാരിയായ സ്ത്രീ യേശുവിനെ തൊടാൻ എല്ലാ വെല്ലുവിളികളും ഏറ്റെടുക്കുന്നു. അവളുടെ സമൂഹത്തിൽ അവൾ അശുദ്ധയായി കാണപ്പെടുകയും യേശു വിശുദ്ധനായി കാണപ്പെടുകയും ചെയ്യുന്നു.

## കൂട്ട ചർച്ച

**വാക്യം 43-44**ൽ യേശുവിന്റെ ഒരു സ്പർശനം മൂലം പുറജാതിക്കാരിയായ സ്ത്രീയ്ക്ക് **എന്തു** സംഭവിച്ചു?

---

**വാക്യം 45**ൽ യേശു **എന്താണ്** പറഞ്ഞത്?

---

എന്നെ സ്പർശിച്ചത് എന്താണെന്നല്ല യേശു ചോദിച്ചത് മറിച്ച് ആരാണ് എന്നാണ് ചോദിച്ചത്. ആരാണ് എന്നാൽ ഒരു വ്യക്തിയെന്നാണ് അർത്ഥമാക്കുന്നത്. യേശു അവളെ വിലമതിക്കുകയും അവൾക്ക് സമയവും, ശ്രദ്ധയും നൽകിക്കൊണ്ട് അവളെ അന്വേഷിക്കുന്നതിന് നിന്ന് അവൾക്ക് ആദരവ് നൽകുകയും ചെയ്യുന്നു. അവൾക്ക് ഇതിനകം അവന്റെ രോഗശാന്തി ശക്തി ലഭിച്ചു. ലോകത്തിന്റെ ദൃഷ്ടിയിൽ ഒരു പ്രധാനപുരുഷന്റെ മരണാസന്നയായ മകളെ രക്ഷിക്കാൻ പോകുവാനുള്ള വഴി മദ്ധ്യേയാണ് യേശു എന്ന് ഓർക്കുക.

**വാക്യം 47**ൽ സ്ത്രീ **എന്താണ്** ചെയ്തത്?

---

---

പുറജാതിക്കാരിയായ സ്ത്രീയെ, സർവ്വശക്തനായ ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട, വലിയ മൂല്യമുള്ള ഒരു വ്യക്തിയായി യേശു അംഗീകരിച്ചുവെന്ന് മാത്രമല്ല, യേശുവിന്റെ ഒരു സ്പർശനത്താൽ, മുഴുവൻ സമൂഹവും ശിഷ്യന്മാരും യേശുവും ഇപ്പോൾ ഈ സ്ത്രീയെ ശ്രദ്ധിക്കുന്നു.

അവൾക്ക് ഇപ്പോൾ ഒരു സ്ഥാനം ഉണ്ട്. അവൾക്ക് ഇപ്പോൾ ഒരു ശബ്ദം ഉണ്ട്. അവൾ മൂല്ല്യം ഉള്ള വ്യക്തിയാണ്. അവൾ പ്രാധാന്യം ഉള്ളവളാണ്.

**വാക്യം 48**ൽ ശിഷ്യന്മാരുടെയും സമൂഹത്തിന്റെയും മുമ്പിൽ യേശു അവളെ **എന്താണ്** വിളിച്ചത്?

---

യേശുവിന്റെ ഒരു സ്പർശനം നമ്മെ ശാരീരികമായി, മാനസീകമായി, ആത്മീയമായി പൂർണ്ണരാക്കുന്നു. അവൾക്ക് ഇപ്പോൾ ഒരു സ്ഥാനം, ശബ്ദം, ദൈവപൈതൽ എന്ന വ്യക്തിത്വം ഉണ്ട്.

ഈ സെഷനിൽ ദൈവത്തെ പറ്റി പഠിച്ച ഒരു കാര്യം **എന്താണ്**?

---

---

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

---

---

# സെഷൻ 14: ബന്ധങ്ങൾ – സമത്വം

*'ബന്ധങ്ങളെ കുറിച്ച് പഠിച്ചത് യേശുവിൽ സമം-സമമായി പുനഃസ്ഥാപിക്കപ്പെട്ടു... എത്തിചേർന്നതും എത്തിച്ചേരാത്തതും...എല്ലാ സമൂഹത്തിനും ആവശ്യമായ സന്ദേശം.'*
*സെമിനാർ പ്രതിനിധി*

### ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

### ആരാധന

ദൈവ സ്നേഹവും, അവന്റെ സൗഖ്യമാക്കുന്ന ശക്തിയും പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

അവന്റെ കഥ, അവന്റെ യഥാർത്ഥ പ്രണയകഥയായ ബൈബിളിൽ നിന്ന് പുരുഷനെയും സ്ത്രീയെയും എങ്ങനെ തുല്യമായി കാണുന്നു എന്നതിന്റെ ചില വശങ്ങൾ നമുക്ക് പഠിക്കാം.

സ്ത്രീ പുരുഷൻ ഉൾപെടുന്ന തന്റെ സൃഷ്ടിയോട് ദൈവം **എന്താണ്** കല്പിച്ചത്?
**ഉല്പത്തി 1:31** വായിക്കുക

---

തിന്മയാൽ നശിച്ച ലോകത്ത് ജീവിക്കുന്ന ദൈവരാജ്യത്തിലെ ബന്ധങ്ങൾ മനസ്സിലാക്കാൻ, നമ്മൾ തുടക്കത്തിലേക്ക് മടങ്ങേണ്ടതുണ്ട്. **ഉല്പത്തി 1:27-28** വായിക്കുക

**ആരുടെ** സ്വരൂപത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്?

---

**ആരുടെ** സ്വരൂപത്തിലാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചത്?

---

**ആരെയാണ്** ദൈവം ഒരേപോലെ അനുഗ്രഹിച്ചത്?

---

**ആർക്കാണ്** ദൈവം ഭൂമിയെ ഭരിക്കുവാൻ ഒരു പോലെ ആധിപത്യം (ഭരിക്കുവാനുള്ള അധികാരം) നൽകിയത്?


---

**ഉല്പത്തി 2:18-20** വായിക്കുക

പുരുഷനുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു സഹായി എന്നാണ് ദൈവം ഈ വാക്യത്തിൽ സ്ത്രീയെ പരാമർശിക്കുന്നത്. ഇതിനർത്ഥം ഒപ്പം വരുന്നവൾ, ഒരേ തരത്തിലുള്ള മാംസമുള്ള, എന്നാൽ വ്യത്യസ്തയായത്. പുരുഷന് തുല്യനായ ഒരാൾ, അവർക്ക് ഒരുമിച്ച് ഒന്നാകാൻ കഴിയും. ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട ഒരു വ്യക്തിയായി മനുഷ്യനെ പൂർത്തിയാക്കുന്ന ഒരാൾ.

പഴയനിയമത്തിൽ, സഹായി എന്നവാക്ക് കൂടുതലായി ഉപയോഗിക്കുന്നത് ദൈവം മനുഷ്യനോടൊപ്പം ചേർന്ന് വരുന്നതിനെ പരാമർശിക്കുന്നതിനായാണ്. ദൈവവചനത്തിന്റെ പുതിയനിയമത്തിൽ, യേശു തന്നെ നമ്മുടെ സഹായിയായി ദൈവത്തിന്റെ ആത്മാവിനെ അല്ലെങ്കിൽ അവന്റെ സാന്നിധ്യത്തെ പരാമർശിക്കുന്നു.

ദൈവം മനുഷ്യനെ സമമായാണോ അതോ വ്യത്യസ്തമായാണോ സൃഷ്ടിച്ചത്?



**നല്ലതിനായി സൃഷ്ടിച്ചു**

എല്ലാ സൃഷ്ടികളിലും ദൈവത്തിന്റെ ഉത്തമസൃഷ്ടി ആയിരുന്നു പുരുഷനും സ്ത്രീയും. മനുഷ്യൻ (ആണും പെണ്ണും) ദൈവത്തിന്റെ ശ്വാസം സ്വീകരിച്ച്, ഒരേപോലെ, പരസ്പരം പ്രോത്സാഹനമായി, സൃഷ്ടാവായ ദൈവവുമായിട്ടും പരസ്പരവും തുല്യബന്ധവും ഉണ്ട്.

പുരുഷനെയും സ്ത്രീയെയും **നല്ലതിനായി സൃഷ്ടിച്ചു...**സമം-സമം

ഇന്നത്തെ ലോകം പൂർണ്ണമാണോ?

ദൈവത്തിന്റെ സമ്പൂർണ്ണലോകത്തെ മാറ്റുന്ന എന്തോ ഒന്ന് സംഭവിച്ചു. ദൈവത്തിന്റെ പൂർണതയുള്ള ലോകത്തെ പരിപാലിക്കാനുള്ള പദവിയോടെ ദൈവം പുരുഷനും സ്ത്രീക്കും ഭൂമിയിൽ ആധിപത്യം നൽകിയെന്ന് ഓർക്കുക. തന്നോടൊപ്പം വിജയത്തോടെ ജീവിക്കാൻ അവൻ അവർക്ക് എല്ലാം നൽകി.

ജീവനും മരണവും തിരഞ്ഞെടുക്കുവാനും ദൈവത്തിന്റെ ജ്ഞാനത്തിലും ജീവവൃക്ഷത്തിലും പങ്കുചേരാനും മറിച്ച് തിന്മയുടെ വഞ്ചനയിൽ പങ്കുചേരാനും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം തിരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യത്തോടെ ദൈവം സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചു.

ദൈവം മനുഷ്യന് (പുരുഷനും സ്ത്രിയ്ക്കും) നൽകിയ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം **എന്തായിരുന്നു**? **ഉല്പത്തി 2:8-9, ഉല്പത്തി 2:15-17** വായിക്കുക

ഉല്പത്തിയിലെ മൂന്നാം അധ്യായം അവസാനിക്കുന്നതിനു മുമ്പ്, ആദ്യ പുരുഷനും ആദ്യ സ്ത്രീയും ദൈവത്തിന്റെ ജ്ഞാനത്തിനും ജീവവൃക്ഷത്തിനും പകരം ദുഷ്ടന്റെ വഞ്ചനയിലും നന്മതിന്മകളെ ക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവുമായും പങ്കുചേരാൻ തിരഞ്ഞെടുത്തു. ആത്യന്തികമായി ജീവിതത്തിലേക്കും ഫലപ്രാപ്തിയിലേക്കും നയിക്കുന്ന വിശ്വാസവും അടുപ്പവും ദൈവത്തിന്റെ ജ്ഞാനവും സ്വീകരിക്കുന്നതിനുപകരം, ആത്യന്തികമായി മരണത്തിലേക്കും നാശത്തിലേക്കും നയിക്കുന്ന ദൈവത്തിന്റെ ജ്ഞാനത്തിന്റെ അവിശ്വാസം, ദൂരം, നിരസിക്കൽ എന്നിവയുടെ ബന്ധമാണ് പുരുഷനും സ്ത്രീയും തിരഞ്ഞെടുത്തത്. പുരുഷനും സ്ത്രീയും മരണവും തിന്മയും ഈ പരിപൂർണ്ണ ലോകത്തിലേക്ക് പ്രവേശിക്കാൻ അനുവദിച്ചു. **ഉല്പത്തി 3:1-7, ഉല്പത്തി 3:16-17** വായിക്കുക

ഇപ്പോൾ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം **എന്താണ്,** സമമോ അല്ലയോ?


ഒരോരുത്തരും അധികാരത്തിനായും സ്ഥാനത്തിനായും ശ്രമിക്കുന്നു. സ്ത്രീ പുരുഷനെ നിയന്ത്രിക്കുവാനും പുരുഷൻ സ്ത്രിയുടെ മേൽ ആധിപത്യം നടത്തുവാനും ശ്രമിക്കുന്നു.

**ഉല്പത്തി 4:7** വായിക്കുക

**ഉല്പത്തി 3:16-17** വരെയുള്ള വാക്യത്തിലെ ആഗ്രഹം എന്ന വാക്കിന്റെ അർത്ഥം പിന്നാലെ ഓടുക അല്ലെങ്കിൽ നിയന്ത്രിക്കുവാൻ ശ്രമിക്കുക എന്നാണ്. **ഉല്പത്തി 3:16-17** വരെയുള്ള വാക്യത്തിലെ ഭരിക്കുക എന്ന വാക്കിന്റെ അർത്ഥം ആധിപത്യം നടത്തുക അല്ലെങ്കിൽ അടിച്ചമർത്തുക എന്നാണ്.

ദുഷ്ടതയാൽ നശിപ്പിക്കപ്പെട്ട ഒരു സ്ത്രീ പുരുഷനോട് **എന്ത്** ചെയ്യുവാനാണ് ശ്രമിക്കുന്നത്?


ദുഷ്ടതയാൽ നശിപ്പിക്കപ്പെട്ട ഒരു പുരുഷൻ സ്ത്രീയോട് **എന്ത്** ചെയ്യുവാനാണ് ശ്രമിക്കുന്നത്?



**ദുഷ്ടതയാൽ നശിപ്പിക്കപ്പെട്ടിരിക്കുന്നു**

പുരുഷനും സ്ത്രീയും **ദുഷ്ടതയാൽ നശിപ്പിക്കപ്പെട്ടിരിക്കുന്നു...** സമമല്ല-സമമല്ല

എന്നാൽ കഥ അവിടെ അവസാനിക്കുന്നില്ല. ദൈവം തന്റെ വിലയേറിയ സ്നേഹം മൂലം ജഡവും രക്തവുമായി ഒരു മനുഷ്യനായി സ്വന്തം സൃഷ്ടിയിൽ ഇറങ്ങി കുരിശിൽ, മനുഷ്യന്റെ കുറ്റത്തിന്റെ ഫലമായി ഈ ലോകത്തിലേക്ക് പ്രവേശിച്ച എല്ലാ നാശനഷ്ടങ്ങളും രോഗങ്ങളും മരണവും തിന്മയും സ്വയം ഏറ്റെടുത്തു, യേശു തിരിച്ചു ജീവിതത്തിലേക്ക് വന്ന്, എല്ലാ കേടുപാടുകൾ, രോഗം, മരണം, തിന്മ എന്നിവയെ അതിജീവിച്ച്, നമ്മെ മികച്ചതിലേക്ക് പുനഃസ്ഥാപിച്ചു.




**മികച്ചതിനായി പുനഃസ്ഥാപിക്കപ്പെട്ടു**

പുരുഷനും സ്ത്രീയും **മികച്ചതിനായി പുനഃസ്ഥാപിക്കപ്പെട്ടു...**സമം-സമം

എന്നാൽ കഥ ഇപ്പോഴും അവിടെ അവസാനിക്കുന്നില്ല. ദൈവം തന്റെ മഹത്തായ സ്നേഹത്താൽ, ദുഷ്ടന്റെ നുണകളെ അപലപിക്കാനും വഞ്ചിക്കപ്പെടാതിരിക്കാൻ സത്യം അറിയാനും നമ്മുടെ സ്വാർത്ഥ ആഗ്രഹങ്ങളെയും ദുഷ്ടനെയും തിന്മയാൽ തകർന്ന ലോകത്തെയും ജയിച്ച് ജീവിക്കാനും തന്റെ ശക്തിയും അധികാരവും നൽകുന്നു.

നിയന്ത്രിക്കാനും ആധിപത്യം സ്ഥാപിക്കാനുമുള്ള നമ്മുടെ ആഗ്രഹം നമ്മുടെ പിതാവിന്റെ ഇഷ്ടത്തിന് നിരന്തരമായി നാം വിട്ടു കൊടുക്കുകയോ കീഴടങ്ങുകയോ ചെയ്ത്, യേശു ജഡവും രക്തവുമായി വന്ന് നമുക്കായി മരിച്ചതും ഉയിർത്തെഴുന്നേറ്റതും ഉയരത്തിൽ കയറിയതും നാം സ്വീകരിക്കുമ്പോൾ നമ്മുടെ പഴയ മനുഷ്യൻ സ്വയം മരിക്കുകയും തിന്മയാൽ നാശമുണ്ടായ ഈ ലോകത്ത് നമുക്ക് സത്യത്തിൽ ജീവിക്കുകയും ചെയ്യാം.

ദൈവം തന്റെ മഹത്തായ സ്നേഹത്തിൽ, പുനഃസ്ഥാപനവും, രോഗശാന്തിയും, അവന്റെ ദൗത്യത്തിന്റെയും ഭാഗമാക്കുന്നു. 15 കൂടാതെ 16-ആം സെഷനിൽ, ദൈവത്തിന്റെ സ്നേഹവും അവന്റെ രോഗശാന്തി ദൗത്യത്തിൽ അവൻ നമ്മെ ഭാഗമാക്കുന്നതിനെ കുറിച്ച് അവന്റെ കഥയായ ബൈബിളിൽ നിന്ന് പഠിക്കും.



**സൗഖ്യമാക്കുവാൻ അയച്ചിരിക്കുന്നു**

പുരുഷനും സ്ത്രീയും **സൗഖ്യമാക്കുവാൻ അയച്ചിരിക്കുന്നു...**സമം-സമം.

ഈ സെഷനിൽ ദൈവത്തെ പറ്റി പഠിച്ച ഒരു കാര്യം **എന്താണ്**?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 15: ബന്ധങ്ങൾ – ശിഷ്യത്വം

*നമ്മൾ ജീവിതത്തിലൂടെ സഞ്ചരിക്കുമ്പോൾ, എല്ലാ സാഹചര്യത്തിലും, എവിടെ പോയാലും, എക്കാലത്തെയും ശക്തനായവൻ അടുത്തും, വ്യക്തിപരമായും നമ്മോടൊപ്പമുണ്ട്.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

ദൈവം നമ്മോട് കൂടെ ഉണ്ടെന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക.

## വചനപഠനം

ഈ യാത്രയുടെ തുടക്കത്തിൽ, ശിഷ്യത്വം ആരംഭിക്കുന്നത് ദൈവത്തെയും നിങ്ങളോടുള്ള അവന്റെ സ്നേഹത്തെയും അറിയുന്നതിലൂടെയും അവൻ ആരാണെന്നും അവൻ എന്താണ് ചെയ്തതെന്നും അവൻ എന്തു ചെയ്യുമെന്നും അറിയുന്നതിലൂടെയാണ് ആരംഭിക്കുന്നതെന്ന് നാം മനസ്സിലാക്കി. അവന്റെ വചനത്തിലും അവന്റെ സാന്നിധ്യത്തിലും ആരാധനയിലും പ്രാർത്ഥനയിലും മറ്റു വിശ്വാസികളുമായുള്ള കൂട്ടായ്മയിലും അവനോടൊപ്പം സമയം ചെലവഴിക്കുന്നത് ദൈവത്തെ അറിയാൻ നമ്മെ സഹായിക്കുന്നു.

നമ്മിലും മറ്റുള്ളവരിലും ശിഷ്യത്വം അനുദിനം തുടരുന്ന പ്രക്രിയയാണ്. മുന്തിരിവള്ളി ബന്ധത്തെ കുറിച്ചുള്ള സെഷനിൽ നമ്മൾ പഠിച്ചതു പോലെ, സ്വഭാവത്തിലുള്ള മാറ്റവും നമ്മിലെ വളർച്ചയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ദൈവത്തിന് തന്നെത്തന്നെ മറ്റുള്ളവർക്ക് വെളിപ്പെടുത്തുവാൻ നമ്മുടെ ആവശ്യമില്ല, എന്നാൽ നമ്മോടുള്ള അവന്റെ വലിയ സ്നേഹത്താൽ നമ്മെ അവന്റെ പദ്ധതിയുടെ ഭാഗമാക്കാൻ തിരഞ്ഞെടുത്തു. മറ്റുള്ളവർ ദൈവത്തെയും അവന്റെ സത്യത്തെയും സ്നേഹത്തെയും ശക്തിയെയും അറിയണമെങ്കിൽ, അവർ ആദ്യം അവനെ കുറിച്ച് പഠിക്കണം.

നാം **ആരുടെ** ശിഷ്യന്മാരാണ്?

---

**ആർക്കാണ്** എല്ലാ ശക്തിയും അധികാരവും ഉള്ളത്? **മത്തായി 28:18-20** വായിക്കുക

---

ഈ മൂന്ന് വാക്യങ്ങളിൽ യേശു തന്റെ ശിഷ്യന്മാരോട് ചെയ്യുവാൻ പറഞ്ഞ നാല് കാര്യങ്ങൾ **എന്തൊക്കെയാണ്**?

1. പോകുക

ഈ സന്ദർഭത്തിൽ, പോകുക എന്ന വാക്കിന്റെ അർത്ഥം നാം ജീവിതത്തിലൂടെ സഞ്ചരിക്കുക (നാം ഏതു സാഹചര്യത്തിലായാലും), അല്ലെങ്കിൽ നാം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് (നമ്മൾ ഏത് മേഖലയിലാണെങ്കിലും) യാത്രചെയ്യുക, യേശുവിന് എല്ലാ സാഹചര്യത്തിന്മേലും പ്രദേശത്തിന്മേലും അധികാരവും ശക്തിയും ഉണ്ട്. നമ്മിൽ ഓരോരുത്തരും അവനോടൊപ്പമുള്ള ദൈനംദിന യാത്രയിൽ എവിടെയായിരുന്നാലും, അവൻ നമ്മോട് ഓരോരുത്തരോടും അടുത്ത് വ്യക്തിപരമായി ഓരോ ശിഷ്യനുള്ളിലും ആത്മാവിന്റെ രൂപത്തിൽ ഉണ്ട്.

2. സ്നാനപ്പെടുത്തുക

ഈ സന്ദർഭത്തിൽ, സ്നാനപ്പെടുത്തുക എന്നാൽ യേശുവിനോടും അവന്റെ വ്യക്തിത്വത്തോടും ഐക്യപ്പെടുവാൻ മുക്കുക അല്ലെങ്കിൽ തുടർച്ചയായി മുക്കുക, ശുദ്ധീകരിക്കുക എന്നാണ്. അവന്റെ മരണ പുനരുത്ഥാനത്തോട് ഐക്യപ്പെടുക. യേശുവിനെ സ്വീകരിക്കുകയെന്നാൽ അവനേയും (വ്യക്തിത്വം), അവന്റെ ആത്മാവിനേയും, പിതാവിനേയും സ്വീകരിക്കുക എന്നതാണ്. അവനിൽ പൂർണ്ണമായി മുഴുകുക എന്നത് അവന്റെ ശക്തിയും അധികാരവും, അവന്റെ ആത്മാവിനാൽ ഏല്പിച്ചു കൊടുക്കുന്ന ഹൃദയത്തിലൂടെയും മനസ്സിലൂടെയും, ശാശ്വതവും ക്രിയാത്മകവുമായ മാറ്റത്തിനായി ഈ കാലത്തിനും ഭാവിക്കും വേണ്ടി സ്വീകരിക്കുക എന്നതാണ്.

3. പഠിപ്പിക്കുക

യേശുവിനെ കുറിച്ച് പഠിക്കാനും അവനുമായുള്ള ബന്ധം വളർത്തിയെടുക്കാനും മറ്റുള്ളവരെ പഠിപ്പിക്കുകയും അവരെ പ്രാപ്തരാക്കുന്നതുമാണ് ഫലപ്രദമായ പഠിപ്പിക്കൽ. നമുക്ക് എത്രമാത്രം

അറിയാമെന്ന് മറ്റുള്ളവരെ കാണിക്കുകയോ സ്വയം ശരിയാണെന്ന് തെളിയിക്കുകയോ അല്ല അധ്യാപനം. യേശുവിന്റെ ശിഷ്യരാക്കുന്ന പശ്ചാത്തലത്തിൽ പഠിപ്പിക്കുന്നത് ഓരോ ഗോത്രത്തിൽ നിന്നും, ആണും പെണ്ണും (സമം), മുതിർന്നവരും കുട്ടികളും (സമം) എല്ലാവരെയും ദൈവത്തിൽ മുഴുകി, അവനോട് വിശ്വസ്തരായിരിക്കുവാൻ അവരെ പഠിപ്പികുക എന്നതാണ്.

4. ശിഷ്യന്മാരെ ഉളവാക്കുക

ഈ പശ്ചാത്തലത്തിൽ 'ശിഷ്യരെ ഉണ്ടാക്കുക' എന്ന പ്രവൃത്തിയാണ് പ്രധാന പ്രവർത്തനം. അവരെ സ്നാപനപ്പെടുത്തി (യേശുവിനെയും അവന്റെ വ്യക്തിത്വത്തെയും ആത്മാവിനെയും പിതാവിനെയും സ്വീകരിക്കാൻ പ്രാപ്തരാക്കി കൊണ്ട്) അവരെ പഠിപ്പിച്ചു കൊണ്ടാണ് നാം അവരെ ശിഷ്യരാക്കുന്നത് (യേശുവിനെക്കുറിച്ച് പഠിക്കാനും അവനിൽ വളരാനും അവരെ പ്രാപ്തരാക്കുന്നു).

യേശുവിന്റെ ശിഷ്യന്മാരെ ഉളവാക്കുക എന്നത് അവന്റെ പദ്ധതി നിറവേറ്റുന്നതിനുള്ള ദൈവത്തിന്റെ തന്ത്രമാണ് (**എഫെസ്യർ 1:9-10**). ശിഷ്യന്മാരെ ഉളവാക്കുക എന്നത് ശിഷ്യന്മാരിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. തന്റെ ശിഷ്യന്മാരായ നമുക്ക് ദൈവം തന്റെ പദ്ധതി വെളിപ്പെടുത്തി, കാരണം അവന്റെ അമിതമായ സ്നേഹം നമ്മെ അവന്റെ പദ്ധതിയുടെ ഭാഗമാക്കി.

നാം യേശുവിനെക്കുറിച്ച് *പഠിക്കുമ്പോൾ,* അവനുമായുള്ള ബന്ധത്തിൽ ഓരോ ദിവസവും യേശുവിനെ വ്യക്തിപരമായി കൂടുതൽ കൂടുതൽ *അറിയുകയും,* കൂടാതെ നമ്മുടെ കൂടെ ജീവിതത്തിലൂടെ സഞ്ചരിക്കുന്നവരെ അറിയുകയും ചെയ്യുമ്പോൾ, യേശു നമ്മോട് പങ്കുവെച്ചത്, നാം മറ്റുള്ളവരോട് *പങ്ക്* വയ്ക്കുന്നു, കൂടാതെ യേശുവിനെ നമ്മെ സേവിക്കാൻ അനുവദിക്കുമ്പോൾ നാം മറ്റുള്ളവരെ സേവിക്കുന്നത് നമ്മുടെ യേശുവിനോടുള്ള *സേവനം* ആകുന്നു. അവന്റെ ആത്മാവിനാലും, അവന്റെ നാമത്തിനാലും ദൈവത്തിന്റെ പദ്ധതി ഇതിലൂടെ നിറവേറ്റപ്പെടുന്നു.




ഓരോ ശിഷ്യനും യേശുവിന്റെ സാക്ഷിയായ പരിശുദ്ധാത്മാവ് ഉള്ളിലുണ്ട്. നിങ്ങളിൽ ക്രിസ്തുവിന്റെ പരിവർത്തന ശക്തിയാൽ നിങ്ങളെ സൃഷ്ടിച്ച വ്യക്തിയാണ് നിങ്ങളുടെ സാക്ഷി. ഓരോ ശിഷ്യനും യേശുവിന്റെ സാക്ഷിയായ ഒരു സാക്ഷ്യമുണ്ട്.

## സാക്ഷ്യം

യേശുവിന്റെ ശിഷ്യൻ ആകുന്നതിന് മുമ്പ് നിങ്ങൾ **എങ്ങനെ** ഉള്ള വ്യക്തിയായിരുന്നു?

യേശു നിങ്ങളുടെ അകത്തും, നിങ്ങളിലും വരുത്തിയ മാറ്റങ്ങൾ അനുസരിച്ച് **എങ്ങനെ** ഉള്ള യേശുവിന്റെ ശിഷ്യനാണ് നിങ്ങൾ?

യേശുവിന്റെ ജഡരക്ത യാഗം സ്വീകരിച്ച യേശുവിന്റെ ശിഷ്യനാകാൻ നിങ്ങൾ തീരുമാനിച്ചപ്പോൾ നിങ്ങളുടെ ജീവിതത്തിലെ സാഹചര്യം **എന്തായിരുന്നു**?

യേശുവിന്റെ ജഡരക്ത യാഗം സ്വീകരിച്ച യേശുവിന്റെ ശിഷ്യനാകാൻ നിങ്ങളെ കൊണ്ടു വന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം **എന്താണ്**?

ഇപ്പോൾ നിങ്ങളുടെ ജീവിതത്തിലുള്ള പ്രധാന വ്യത്യാസം **എന്താണ്**?

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തികവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

# സെഷൻ 16: ബന്ധങ്ങൾ – ദൈവരാജ്യം

*നാം ആരെ ആരാധിക്കുന്നുവോ ആ വ്യക്തിയെ പോലെ നാം ആകുന്നു.*

## ആരംഭ പ്രാർത്ഥന

സെഷൻ പ്രാർത്ഥിച്ച് തുടങ്ങുക.

## ആരാധന

യേശു രാജാവെന്ന് പ്രഖ്യാപിക്കുന്ന രണ്ടോ മൂന്നോ ആരാധന ഗാനങ്ങൾ പാടുക!

ഓർക്കുക, ഒരുമിച്ചുള്ള ഈ യാത്രയുടെ തുടക്കത്തിൽ, ദൈവം തന്നെയും അവന്റെ പദ്ധതിയും വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു വെന്ന് പഠിച്ചു, അതായത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും ക്രിസ്തുയേശുവിൽ ഒന്നായി കൊണ്ടു വരിക എന്നത്. യേശു ഈ ദൈവരാജ്യത്തിന്റെ ഭരണാധികാരിയാണ്.

## വചനപഠനം

*രാജ്യം* എന്നാൽ ഒരു രാജ്യത്തെ ഭരിക്കാനുള്ള അവകാശം അല്ലെങ്കിൽ അധികാരം; ഭരണത്തിനോ അധികാരത്തിനോ വിധേയമായ പ്രദേശം അല്ലെങ്കിൽ പ്രദേശം എന്നിവ അർത്ഥമാക്കുന്നു.

*ദൈവം* എന്നാൽ പരമാധികാരി, അതായത് നമുക്ക് അറിയാവുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്.

സ്വർഗ്ഗത്തിലും ഭൂമിയിലും ഭരിക്കാനുള്ള യേശുവിന്റെ അവകാശവും അധികാരവും ശക്തിയും ആണ് *ദൈവരാജ്യം*. യേശു ദൈവരാജ്യത്തിന്റെ ഭരണാധികാരിയാണ്. *ആത്മാവിൽ ജനിച്ചത്* എന്ന 10-ആം സെഷനിൽ, ദൈവരാജ്യത്തിൽ പ്രവേശിക്കാൻ നമ്മൾ രാജാവിനെ സ്വീകരിക്കണമെന്ന് പഠിച്ചു. യേശുക്രിസ്തുവിന്റെ സന്ദേശവും ശുശ്രൂഷയും അവന്റെ രോഗശാന്തി ദൗത്യത്തിൽ അവന്റെ ശിഷ്യന്മാരുടെ പങ്കും മനസ്സിലാക്കുന്നതിന് ദൈവരാജ്യത്തിന്റെ ചിത്രം വളരെ പ്രധാനമാണ്.

## വചനപഠനം

**ലൂക്കോസ് 4:43, പ്രവർത്തികൾ 1:1-4** വായിക്കുക

യേശു ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു, ദൈവരാജ്യം തെളിയിച്ചു, അവൻ ദൈവരാജ്യത്തിന്റെ ഭരണാധികാരിയാണ്.

ജഡവും രക്തവുമായി വന്നതിലൂടെ **എന്ത്** നിവർത്തിയായി എന്നാണ് യേശു പറഞ്ഞത്? **ലൂക്കോസ് 4:18-19** വായിക്കുക

1. ______________________________
2. ______________________________
3. ______________________________
4. ______________________________
5. ______________________________
6. ______________________________

ദുഷ്ടതയാൽ നശിച്ച ഈ ലോകത്ത് യേശു ക്രിസ്തുവിലൂടെ ദൈവരാജ്യം വന്നു.

ദൈവരാജ്യം ഭൂമിയിൽ വന്നു എന്നതിന്റെ തെളിവ് **എന്ത്** എന്നാണ് യേശു യോഹന്നാനോട് പറഞ്ഞത്? **മത്തായി 11:3-5** വായിക്കുക

1. ______________________
2. ______________________
3. ______________________
4. ______________________
5. ______________________
6. ______________________

അന്ധൻ കാണുകയും മുടന്തൻ നടക്കുകയും ബധിരർ കേൾക്കുകയും ചെയ്യുന്ന നാളിനെക്കുറിച്ചുള്ള നിരവധി പ്രവചനങ്ങൾ പഴയ നിയമത്തിലുണ്ട്. ഇത് ആത്മീയ രോഗശാന്തിയെ മാത്രമല്ല സൂചിപ്പിക്കുന്നത്. ദൈവരാജ്യം പൂർണ്ണമായ അതായത് ആത്മീയവും ശാരീരികവും മാനസികവും രോഗശാന്തിയാണെന്ന് സൂചിപ്പിക്കുന്നു. അതായത് ദൈവരാജ്യം പൂർണ്ണ സമ്പൂർണ്ണതയും സമാധാനവും എന്ന് യേശു വെളിപ്പെടുത്തി.

ബന്ധിതരെ മോചിപ്പിക്കാനും ഹൃദയം തകർന്നവരെ സുഖപ്പെടുത്താനും ദൈവരാജ്യം വന്നതായി പ്രഖ്യാപിക്കാനും തിന്മയാൽ തകർന്ന (ദുഷ്ടന്റെ സ്വാധീനത്തിലും ആധിപത്യം സ്ഥാപിക്കാനും നിയന്ത്രിക്കാനുമുള്ള മനുഷ്യന്റെ ആഗ്രഹത്തിൻ കീഴിലാണ് ഈ ലോകം) ഈ ലോകത്തിലേക്ക് യേശുവിനെ പിതാവായ ദൈവം അയച്ചു. യേശുവിന്റെ ജഡരക്ത യാഗം വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർ എന്നെന്നേക്കുമായി രക്ഷിക്കപ്പെടും. അവർ മരണരാജ്യത്തിൽ നിന്ന് രക്ഷപെടുകയും ജീവന്റെ രാജ്യത്തിലേക്ക് തിരികെ കൊണ്ടു വരികയും ചെയ്യുന്നു.

**മത്തായി 19:13-15** (കൂടാതെ **മർക്കോസ് 10:13-16, ലൂക്കോസ് 18:15-17**) വായിക്കുക

യേശു കുഞ്ഞുങ്ങളെ എങ്ങനെ കാണുന്നു എന്നതിനെ കുറിച്ച് നാം **എന്താണ്** പഠിക്കുന്നത്?

______________________
______________________
______________________
______________________
______________________
______________________
______________________
______________________
______________________
______________________

മുതിർന്നവരുടെ ബന്ധത്തിൽ യേശു കുട്ടികളെ **എങ്ങനെയാണ്** കണ്ടിരുന്നത്, സമമായിട്ടോ അല്ലയോ?

______________________

## കൂട്ട ചർച്ച

ദൈവരാജ്യം എന്താണെന്ന് നിങ്ങൾ വിശ്വസിക്കുന്നത് എന്ന് കൂട്ടമായി ചർച്ച ചെയ്യുക. ഉത്തരങ്ങൾ എഴുതുക.

1. ______________________________
2. ______________________________
3. ______________________________
4. ______________________________
5. ______________________________
6. ______________________________
7. ______________________________

ദൈവരാജ്യം യേശുവിൽ വെളിപ്പെട്ടിരിക്കുന്നു.

തിന്മയാൽ തകർന്ന ഈ ലോകത്തിൽ ദൈവരാജ്യത്തിൽ ജീവിക്കാനും പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി അവന്റെ രാജ്യത്തിന്റെ പുരോഗതിയുടെ ഭാഗമാകാനും യേശു തന്റെ ആത്മാവിനാൽ അവന്റെ ശക്തിയിലും അധികാരത്തിലും നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

ദൈവത്തെക്കുറിച്ചും നമ്മോടുള്ള അവന്റെ സ്നേഹത്തെക്കുറിച്ചും കൂടുതൽ അറിയുകയും, അവന്റെ വചനത്തിലും അവന്റെ സാന്നിധ്യത്തിലും ആരാധനയിലും പ്രാർത്ഥനയിലും മറ്റ് വിശ്വാസികളുമായുള്ള കൂട്ടായ്മയിലും യേശുവിൽ നിന്ന് സ്വീകരിച്ചും തിന്മയാൽ നാശമായ ഈ ലോകത്തിൽ അവന്റെ വിജയത്തിന്റെ പൂർണ്ണതയിൽ ജീവിച്ചും, അവന്റെ മഹത്തായ സ്നേഹത്തിന് സാക്ഷ്യം വഹിക്കുകയും ശിഷ്യരെ ഉളവാക്കുകയും ചെയ്യുമ്പോൾ നാം ഇപ്പോൾ ഭൂമിയിൽ ദൈവരാജ്യത്തിൽ ജീവിക്കുന്നു.

ഈ സെഷനിൽ ദൈവത്തെ പറ്റി പഠിച്ച ഒരു കാര്യം **എന്താണ്**?

______________________________

നിങ്ങളുടെ വ്യക്തിപരവും, പ്രാവർത്തീകവുമായ പ്രതികരണം/പ്രാർത്ഥന **എന്താണ്**?

______________________________

______________________________

## പ്രാർത്ഥന

**എഫെസ്യർ 3:14-21** *അതുകൊണ്ട് പിതാവിനു മുമ്പിൽ പ്രാർത്ഥനയിൽ ഞാൻ മുട്ടുകുത്തുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും അവനിൽ നിന്നു നാമം ലഭിക്കുന്നു. അവന്റെ മഹത്വംകൊണ്ട് നിങ്ങളുടെ ആത്മാവിനു ശക്തി നൽകാൻ ഞാൻ പിതാവിനോട് അപേക്ഷിക്കുന്നു. അവന്റെ മഹത്തായ സമ്പന്നതയാൽ നിങ്ങളുടെ അന്തരാത്മാവിനെ ശക്തിപ്പെടുത്താൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. നിങ്ങളുടെ വിശ്വാസം മൂലം ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ ജീവിതം സ്നേഹം കൊണ്ട് വേരുറച്ചതും അടിത്തറപാകിയതുമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾക്കും ദൈവത്തിന്റെ എല്ലാ വിശുദ്ധജനത്തിനും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വലുപ്പം മനസ്സിലാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ആ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും മനസ്സിലാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഏതൊരു വ്യക്തിയ്ക്കും പൂർണ്ണമായി അറിയാവുന്നതിലും മഹത്തരമാണു ക്രിസ്തുവിന്റെ സ്നേഹം. ആ സ്നേഹം അറിയാനുള്ള കഴിവ് നിങ്ങൾക്കുണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അപ്പോൾ ദൈവത്തിന്റെ പൂർണ്ണത നിങ്ങളിൽ നിറയ്ക്കപ്പെടും.*

*നമ്മിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തികൊണ്ട് നമുക്ക് അപേക്ഷിക്കാവുന്നതിലോ ചിന്തിക്കാവുന്നതിലോ അധികം അവനു പ്രവർത്തിക്കാം. അവന് സഭയിലും യേശുക്രിസ്തുവിലും എപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ.* (ERV)

| മൂല്ല്യം ഇല്ല | കുറച്ചു മൂല്ല്യം | വളരെ മൂല്ല്യം |
| --- | --- | --- |
| | | |